

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 11 No. 12 Newsletter December 2013




"Where is he that is born King of Jews? for we have seen his star in the east, and are come to worship him." (Matt. 2:2)

# Church News

## Congratulations



നമ്മുടെ സഭാസെക്രട്ടറി **ക്രിസ്റ്റൻസൺ ഇ. സാരസത്തിന്** ഓണററി ഡോക്ടറേറ്റ് ലഭിച്ചു. ക്രിസ്തീയ ശുശ്രൂഷ, സഭാ നേതൃത്വം എന്നിവ പരിഗണിച്ച് ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റാണ് ഓണററി ഡോക്ടറേറ്റ് നൽകിയത്. എസ്.ബി.റ്റി.യിൽ നിന്ന് വിരമിച്ച ശേഷം മഹായിടവക അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി സേവനമനുഷ്ഠിക്കുന്നു. മഹായിടവക നിശ്ചയിച്ച ഓണറേറിയം സ്വീകരിക്കാതെ സ്വമേധയാ നിസ്തുല സേവനം അനുഷ്ഠിക്കുന്നത് നമ്മുടെ സഭയ്ക്ക് അഭിമാനമാണ്.



മഹായിടവക ഹോസ്റ്റൽ ഗവേണിംഗ് ബോർഡ് സെക്രട്ടറിയായി **എം. സാം മോസസ്** തെരഞ്ഞെടുക്കപ്പെട്ടു. വൈ.എം.സി.എ ഡയറക്ടർ ബോർഡ് അംഗവും, അരുവിക്കര വൈ.എം.സി.എ റൂറൽ ഡെവലപ്മെന്റ് സെന്ററിന്റെ ചെയർമാനുമാണ്. പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്നു.



ഓൾ ഇന്ത്യ പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ 121-ാം റാങ്കോടെ എം.ഡി. പീഡിയാട്രിക്സിൽ പ്രവേശനം ലഭിച്ച **ഡോ. ചൈതന്യ. സി. ദാസ്.** പിതാവ്: ഡോ. എം. ക്രിസ്തുദാസ്, മാതാവ്: ചാന്ദിനി ക്രിസ്തുദാസ്, സഹോദരി: ഡോ. സിന്ധ്യ വിനു.



തൃശ്ശൂരിൽ നടന്ന കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ ഇന്റർസോൺ ഫെസ്റ്റിവലിൽ വിവിധ മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ **എസ്. റെക്സി ചാൾസ്.** കാരക്കോണം മെഡിക്കൽ കോളേജിൽ നടന്ന ഇന്റർകൊളീജിയേറ്റ് ആർട്ട്സ് ഫെസ്റ്റിവലിൽ 'കലാതിലക്' മായും തെരഞ്ഞെടുക്കപ്പെട്ടു. പിതാവ്: ചാൾസ് ഫിസൺ തങ്കരാജ്, മാതാവ്: ഡോ. ഷീലാ കുമാരി എൻ. എസ്.




ബി.ടെക് പരീക്ഷയിൽ (Civil Engg.) ഡിസ്റ്റിംഗ്ഷനോടെ പാസ്സായി റൂർക്കി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എം.ടെക് പ്രവേശനവും നേടിയ **ഡയാന ആലീസ് സുഗുണൻ.** പിതാവ്: ഡോ. വി.എസ്. സുഗുണൻ, മാതാവ്: ഇവാഞ്ചലിൻ സുഗുണൻ, സഹോദരൻ: ബെഞ്ചമിൻ സുഗുണൻ.



അണ്ണാ യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഇ. ഡിഗ്രി (Communication System) റാങ്കോടും ഡിസ്റ്റിംഗ്ഷനോടും കരസ്ഥമാക്കിയ **പ്രിയാ ജോയി**. ഭർത്താവ്: ജോയി എച്ച്. ജോൺസ്.

ഡോ. എം.ജി.ആർ യൂണിവേഴ്സിറ്റിയിൽ നിന്ന് 'മെറ്റീരിയ മെഡിക്ക' യിൽ എം.ഡി. ബിരുദം കരസ്ഥമാക്കിയ **ഡോ. സൂരജ് ബോബിൻ റ്റി.ജി.** ശാരദാ കൃഷ്ണ ഹോമിയോ മെഡിക്കൽ കോളേജിലെ ഡോക്ടറും സീനിയർ ലക്ചററുമാണ്. പിതാവ്: സി. പൊന്നുമണി (റിട്ട. റെയിൽവേ സൂപ്രണ്ട്), മാതാവ്: ജ്ഞാന സെൽവം (റിട്ട. ടീച്ചർ), സഹോദരൻ: സുർജിത് ബോബിൻ (എഞ്ചിനീയർ).





**സാധുഭവനപ്രതിഷ്ഠ :** തിരുവനന്തപുരം ഡിസ്ട്രിക്ട് സണ്ടേസ്കൂളിന്റെ നേതൃത്വത്തിൽ നെടുങ്കാട് സി.എസ്.ഐ സഭയിലെ ദിവ്യയ്ക്ക് പണിതുകൊടുത്ത ഭവനം. ഇതിന്റെ പ്രതിഷ്ഠ 14-11-2013-ൽ റവ. സി.ആർ. വിൻസെന്റ് നിർവ്വഹിക്കുകയുണ്ടായി. ഡിസ്ട്രിക്ട് സണ്ടേസ്കൂൾ സെക്രട്ടറി അഡ്വ. എ. സഗുണരാജ് നിർമ്മാണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു. വീടിന്റെ പൂർത്തീകരണത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദി.

# CHURCH VOICE

11th year of publication

**DECEMBER 2013**


CHIEF EDITOR

Rev. C.R. Vincent

EDITOR

R. Sajan Samson

EDITORIAL BOARD

Rev. Dr. L.E. Sahanam
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas



ADDRESS:

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347


Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C. R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Mr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

## From the Presbyter's desk



Theme of the year

**'Pastoral Ministry in the urban context'**

Sub Theme- Enabling the congregation to bear witness.

### Golden verse of the month

"Which in time past was to thee unprofitable but now profitable to thee and to me:" (who once was unprofitable to you)

**"അവൻ മുൻപെ നിനക്ക് പ്രയോജനമില്ലാത്തവനായിരുന്നു. ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ തന്നെ".**

Dear ones in Christ,

I am very happy to bring you greetings of Christmas in the delightful name of our Lord and Saviour Jesus Christ.

Hope you and every one in your family are doing well. Jesus Christ loves your family. Remember, Jesus who lived in a family by His birth can live in your family too. By His birth in a manger at Bethlehem, He gives a meaning to the family relationships. The real experience of living with Jesus Christ every day. Apostle Paul says "Onesimus" is good and gentle as he is a new born in Christ. And because of this new birth, he is profitable, I beseech thee for my son Onesimus whom I have begotten in my bonds which in time past was to thee and to me whom I have sent again thou therefore receive him (back to thee in his own person) that is mine own bowls (my very heart) (Psalm 10-12)

If a man / woman is born in Christ, he/she is a member of His family and with Christ we all are profitable in our family (Rom. 10:12,13). Onesimus was the slave of Philemom. He had wronged his master and came of Rome and was brought into contact with Paul. The relationship with Paul was strong. He would have been glad to retain him but he convinced him it was his duty to return to his master.

This incident is a master piece of X'ian courtesy and intercession. Paul says to Philemon to receive Onesimus not as a servant, but above a servant to receive him as a partner. In Christ all of us are called to bear

witness in one way or the other. Such situations will create a new meaning and outlook in our journey. Note the remark and courtesy with which Paul approaches Philemon in dealing with this delicate matter. Paul's personal interest in him could not fail to touch him gently (tenderly). That Philemon as a man of faith inspires the apostle with confidence and commitment in making his appeal. Morever he knows Philemon will act agreeably to these Christian witness. The basic truth of Christian faith (like sin, salvation, regeneration justification, adoption and sanctification) is the core vaules of this Epistle (62-63 AD).

However, Jesus Christ through incarnation became the Saviour of humankind, to restore back the family to the situation of perfect harmonious humanity, which reconciled unbroken relationship with God in Peace and Joy. That is the essence of real Christmas (Rom.14:17) Christmas gives significance to the insignificant and our celebration without such experience becomes shallow and meaningless.

Advent Sunday (December 1) announces the coming of the kingdom of God. Jesus not only Proclaimed it but He himself became a living model to the People (Isa 9:1-2, 97:1). This joyful experience gives us the joy of annual thanks giving service and the Love Feast in connection with the Christmas Celebration 2013. Let us thank God for his wonderful support and guidance to us as a congregation in our faith journey for the last 176 years. Please participate in the Carol rounds from December 2nd. Prepare for the "Noel Fiesta", the Harvest Festival of our Church on Saturday 14th December. The entire sale proceedings will be separated for the purchase of Land for KOTHALAM Mission of our Church. As it is the end of the year, the Annual Day Celebrations of our Church units like Sunday School, CEYF, BCL Union, JCF, W.F, and other Fellowships will be also conducted during these days as per the schedule along with the X'Mas Celebrations. Let the Shines of the Baby Jesus make us shine in this world to witness in the journey to the forth coming New Year 2014.


Wish you a Happy Christmas and a peaceful blessed New Year.

With prayers and regards,

Yours in Christ,

**Vincent Achen**

## SECRETARY'S REPORT



Dear Friends,

God Almighty who sustained us through the 11 months of this year has enabled us to enjoy the Christmas Season 2013. The incarnation of Jesus Christ is virtually remembered and cherished during December every year. The Word was made flesh and dwelt among us (John 1:14). Christmas guarantees glad tidings of great joy to all people; glory to God in the highest, and on earth peace, goodwill toward men (Luke 2:10-14). Let us thank God for His indescribable gift (2. Corinthians 9:15).

The Church campus has become lively day in and day out crowded with committees, sub-committee meetings and preperations for the Harvest Festival, Carol Rounds, Annual Thanks Giving Service and preparations for Christmas Celebrations. Convenors and Committee Members are making hectic arrangements for a wide variety of programmes. The programme schedule for the month of December is given in this issue of Church Voice (page no. 9).

The Remembrance Day service at the Cemetery was well attended by a large section of our members. The Women's Fellowship retreat was conducted at Ponmudy. The revised Pay Revision structure proposed for the members of the Church staff was approved and made operative from 01-04-2013. General body meeting was conducted on 10-11-2013 and the budget for the Financial Year 2013-14 was approved with amendments. The guidelines for Young Family Fellowship was referred back to the Church Committee with certain changes and recommendations. God enabled us to execute an agreement deed plot purchase Kothalam Mission Field for Rs. 65 lakhs by paying an advance of 15 lakhs.

Permanent membership was granted to Mr. Thankaraj and family and Dr. Shiju Stantly and family as they satisfactorily completed one year of temporary membership. The door collection received for Bible Society of India amounts to Rs. 1,25,250. A marriage aid of Rs. 5,000 was paid to Mr. Stanly for the marriage of his daughter. May God bless us with all heavenly blessing during this month.

***Wishing you all a Merry Christmas and a happy, healthy and Prosperous New Year 2014.***

**Dr. Christenson E. Sarasam**
Church Secretary

# ക്രിസ്തുമസ് - സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സുവാർത്ത

റവ. ഡോ. വർഗ്ഗീസ് റ്റി. ലീ.

വേദഭാഗം: ലൂക്കൊ. 2:8-14

ഒരിക്കൽ ഒരു മനുഷ്യൻ ക്രിസ്തുമസിന്റെ അടുത്ത ദിവസം വൈകിട്ട് നടക്കുവാനിറങ്ങി. കുറെ നടന്നു കഴിഞ്ഞപ്പോൾ മഴ പെയ്തു. അടുത്തുണ്ടായിരുന്ന ഒരു പള്ളിയുടെ വരാന്തയിൽ കയറി നിന്നു. വെളിയിലേക്ക് നോക്കിയപ്പോൾ ഒരു ചെറിയ പാവ മഴയത്ത് കിടന്നു നനയുന്നു. അത് എങ്ങനെ അവിടെ വന്നു എന്നാലോചിച്ചപ്പോൾ കാര്യം മനസ്സിലായി. തലേദിവസം രാത്രി ആ പള്ളിയിൽ ക്രിസ്തുമസ് കരോൾ സർവ്വീസ് നടത്തിയപ്പോൾ ചെറിയ പുൽത്തൊട്ടിയിൽ യേശുക്കുഞ്ഞായി കിടത്തിയിരുന്ന പാവയാണ് മഴ നനയുന്നതെന്ന് മനസ്സിലായി. ക്രിസ്തുമസ്സ് ആഘോഷ പൂർവ്വം കഴിഞ്ഞപ്പോൾ യേശുക്കുഞ്ഞിനെ പുറത്തേക്ക് എറിഞ്ഞുകളഞ്ഞു. നമ്മുടെ ക്രിസ്തുമസ് ആഘോഷ പരിപാടികളെല്ലാം ഇതുപോലെയല്ലേ എന്നു തോന്നിപ്പോകുന്നു. ആഘോഷങ്ങൾ എല്ലാം കഴിയുമ്പോൾ നാം കർത്താവിനെ മറക്കുന്നു.

ദൈവസ്നേഹം നമ്മോട് കൂടെയുണ്ട് എന്നതിന്റെ പ്രത്യക്ഷ അനുഭവമാണ് ക്രിസ്തുമസ്. വർഷംതോറും വിപുലമായ നിറപ്പകിട്ടോട് കൂടി ക്രിസ്തുമസ് ആഘോഷിക്കുന്നതിൽ വ്യക്തികളും, കുടുംബങ്ങളും, സഭകളും, സ്ഥാപനങ്ങളും എല്ലാം മത്സരിക്കുന്നു. നക്ഷത്രപ്രദർശന മത്സരം, പുൽക്കൂട് നിർമ്മാണ മത്സരം, കരോൾഗാന മത്സരം, അലങ്കാര മത്സരം എന്നിവ കൂടാതെ ഭക്ഷ്യമേള, കച്ചവടമേള എന്നിവയും നടത്തുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ ക്രിസ്തുമസ് ആഘോഷം മത്സരങ്ങളുടെയും ആഢംബരസംസ്കാരത്തിന്റെയും, കമ്പോള സംസ്ക്കാരത്തിന്റെയും, ഉപഭോഗസംസ്ക്കാരത്തിന്റെയും, മദ്യസംസ്ക്കാരത്തിന്റെയും ഭാഗമായിത്തീർന്നിരിക്കുന്നു. ആരെച്ചൊല്ലിയാണോ ആഘോഷങ്ങൾ ക്രമീകരിക്കുന്നത് അവനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. മഹാത്മാഗാന്ധിജിയുടെ ചില പരാമർശങ്ങൾ നമ്മുടെ ജീവിതശൈലിയെപ്പറ്റി വിചിന്തനം ചെയ്യുവാൻ സഹായിക്കുന്നു. അവയിൽ ചിലത് ചുവടെചേർക്കുന്നു:

"ക്രിസ്തുമസ് കാലത്ത് കാണപ്പെടുന്ന ഈ ആർഭാടങ്ങളോട് ഒരിക്കലും പൊരുത്തപ്പെടുവാൻ എനിക്ക് കഴിഞ്ഞിട്ടില്ല. യേശുക്രിസ്തുവിന്റെ ജീവിതവും പഠിപ്പിക്കലുമായി യാതൊരു പൊരുത്തവും ഇല്ലാത്തതാണ് ഇവ എന്ന് എനിക്ക് തോന്നുന്നു."

“ശത്രുക്കളെ സ്നേഹിക്കുക എന്ന് പഠിപ്പിച്ച ഒരു ഗുരുവിനെ പിന്തുടരുന്ന ക്രൈസ്തവരാഷ്ട്രങ്ങൾ ഒരു തലമുറയിൽത്തന്നെ രണ്ട് ലോകമഹായുദ്ധങ്ങൾക്ക് കാരണമായി.”

“വേദപുസ്തകം വായിച്ച് യഥാർത്ഥ ക്രിസ്തുമതം എന്തെന്ന് മനസ്സിലാക്കുന്നതിന് മുമ്പ് എന്റെ ചെറുപ്പത്തിൽ ഞാൻ ധരിച്ചിരുന്നത്: ‘ഒരു കൈയ്യിൽ ബ്രാണ്ടിക്കുപ്പിയും മറുകൈയ്യിൽ മാട്ടിറച്ചിയുമായിരിക്കുന്ന ആളാണ് ക്രിസ്ത്യാനി എന്നാണ്’.”

(ക്രിസ്തുമസ് ദിവസം നൽകിയ ദൂത്.)

ഈ പ്രസ്താവനകൾ ഇന്നത്തെ നമ്മുടെ ജീവിതത്തെ അവലോകനം ചെയ്യുവാൻ സഹായിക്കട്ടെ.

### 1. ക്രിസ്തുമസ് ദൈവസ്നേഹത്തിന്റെ പ്രതീകമാണ്

ദൈവസ്നേഹത്തിന്റെ സന്ദേശമാണ് ക്രിസ്തുമസ്. തന്റെ പുത്രനെ ഈ ലോകത്തിന്റെ രക്ഷയ്ക്കായി നൽകിയതിലൂടെ ദൈവം തന്റെ മനുഷ്യരോടുള്ള സ്നേഹം വെളിപ്പെടുത്തി. ‘തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.’ (യോഹ. 3:16). ക്രിസ്തുമസ് മനുഷ്യരാശിയുടെ വീണ്ടെടുപ്പിന്റെ സുവാർത്തയാണ്. സ്നേഹമാണ് വീണ്ടെടുപ്പിന്റെ രഹസ്യം. അത് പുത്രനിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ ഈ വലിയ രക്ഷണ്യവേലയ്ക്ക് സ്ഹേത്തിന്റെ മാർഗ്ഗമാണ് യേശു സ്വീകരിച്ചത്. അന്തിമമായി സ്നേഹത്തിന്റെ വിജയമാണ് നാം കുരിശിൽ കാണുന്നത്. സ്നേഹം കൊണ്ട് തിന്മയുടെ മേൽ നന്മയുടെ വിജയം യേശു ലോകത്തിന് നൽകി. ക്രിസ്തുമസ് ദൈവസ്നേഹത്തിന്റെ ശക്തി ലോകത്തിന് വെളിപ്പെടുത്തുന്നു. സ്നേഹം കൊണ്ട് മാത്രമേ തിന്മകളുടെ മേൽ ജയം നേടാനാവൂ എന്ന് ക്രിസ്തുമസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിലൂടെ വെളിപ്പെടുന്ന ദൈവസ്നേഹത്തിന് അർഹരായിത്തീരുന്ന ആത്മീയാനുഭവം ബോധ്യപ്പെടുമ്പോഴാണ് മറ്റ് മനുഷ്യരെ സ്നേഹിക്കുവാനുള്ള കൃപ നമുക്ക് ലഭിക്കുന്നത്. യേശു അധികം സ്നേഹിച്ച ശിഷ്യനായ വിശുദ്ധ യോഹന്നാൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ‘നാം ദൈവത്തെ സ്നേഹിച്ചതല്ല. അവൻ നമ്മെ സ്നേഹിച്ചു. തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായച്ഛിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹമാകുന്നു. പ്രിയമുള്ളവരെ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു.’ (1. യോഹ. 4:10, 11)

സ്നേഹം ജീവിതത്തിന് അർത്ഥവും, മാറ്റും, ഗുണവും, ശോഭയും വർദ്ധിപ്പിക്കും. അത് സന്തോഷവും, സമാധാനവും, ക്ഷമയും പ്രദാനം ചെയ്യുന്നു.

മറ്റുള്ളവർക്ക് വേണ്ടി ത്യാഗം സഹിക്കുവാൻ പ്രേരിപ്പിക്കും. ദൈവത്തോടുള്ള സ്നേഹവും, പരസ്പരമുള്ള സ്നേഹവും നമ്മെ ദൈവീക ജീവന്റെ (നിത്യജീവന്റെ) അവകാശികളാക്കുന്നു. നിത്യജീവനെ അവകാശമാക്കുവാൻ എന്ത് ചെയ്യണമെന്ന ചോദ്യവുമായി ഒരു ന്യായശാസ്ത്രി യേശുവിന്റെ അടുക്കൽ വന്നപ്പോൾ ന്യായപ്രമാണത്തിൽ എന്ത് എഴുതിയിരിക്കുന്നു എന്ന് യേശു ചോദിച്ചു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്നും തന്നെ എന്ന് ഉത്തരം പറഞ്ഞു. കർത്താവ് അവനോട് പറഞ്ഞു, "നീ പറഞ്ഞ ഉത്തരം ശരി. അങ്ങനെ ചെയ്ക. എന്നാൽ നീ ജീവിക്കും" (ലൂക്കൊ. 10:27). ഇവിടെ ജീവൻ എന്നത് ശാരീരിക ജീവൻ അല്ല എന്ന് വ്യക്തം. ദൈവീകജീവന്റെ (നിത്യജീവൻ) അനുഭവത്തിലേക്ക് അവൻ പ്രവേശിക്കും എന്നാണ് യേശു പറഞ്ഞത്. കർത്താവ് പറഞ്ഞ: 'ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നത് പോലെ നിങ്ങളും തമ്മിൽ സ്നേഹിക്കേണം എന്നതാകുന്നു എന്റെ കൽപ്പന' (യോഹ. 15:12). ക്രിസ്തുമസ് കാലഘട്ടം ദൈവസ്നേഹത്തിനായി നമ്മെ സമർപ്പിക്കാം. അതിലൂടെ നഷ്ടപ്പെട്ട സ്നേഹബന്ധങ്ങൾ നമുക്ക് വീണ്ടെടുക്കാം. ദൈവസ്നേഹത്തിന്റെ വക്താക്കളായി നമുക്ക് ജീവിക്കാം.

## 2. ക്രിസ്തുമസ് - ദൈവീക സമാധാനത്തിന്റെ പ്രതീകമാണ്

രണ്ടായിരം വർഷം മുമ്പ് ദൈവദൂതന്മാർ പാടിയ ആദ്യത്തെ ക്രിസ്തുമസ് ഗാനത്തിന്റെ മുഖ്യസന്ദേശം '**സമാധാനം**' ആയിരുന്നു. 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം' (ലൂക്കൊ. 2:14). ഈ ഗാനത്തിലെ പ്രധാന സന്ദേശം 'സമാധാനം' എന്നതാണ്. ക്രിസ്തുമസ്സിന്റെ ആത്മാവ് സമാധാനമാകുന്നു. ഈ ക്രിസ്തുമസ് ഗാനത്തിൽ ഒരു വ്യവസ്ഥ കൂടി ചേർത്തിരിക്കുന്നു. വ്യവസ്ഥയില്ലാത്ത ഒരു സമാധാനമാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്. 'ദൈവപ്രസാദമുള്ള മനുഷ്യർക്ക്' എന്ന വ്യവസ്ഥ കൂടി ചേർത്ത്കൊണ്ട് വേണം 'സമാധാനം' എന്ന വാക്കിനെപ്പറ്റി ചിന്തിക്കേണ്ടത്. 'ദൈവപ്രസാദം' എന്ന വാക്ക് 'ദൈവവാഴ്ച' (ഭരണം) എന്നർത്ഥമാകുന്നു. യേശുക്രിസ്തുവിന്റെ സ്നാനസമയത്ത് 'നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന് സ്വർഗ്ഗത്തിൽ നിന്നും പ്രഖ്യാപനം ഉണ്ടായി. (ലൂക്കൊ. 3:22). ഇവിടെ ദൈവപ്രസാദമെന്നത് യേശുക്രിസ്തുവിലുള്ള ദൈവവാഴ്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആരെല്ലാമാണോ ദൈവീകവാഴ്ചയ്ക്ക് (ഭരണം) കീഴ്പ്പെടുന്നത് അവർക്ക് സമാധാനം എന്നാണ് ക്രിസ്തുമസ് ഗാനം പ്രസ്താവിക്കുന്നത്. ദൈവവാഴ്ച എന്ന് പറയുന്നത് എല്ലാ അനീതികളെയും അന്യായങ്ങളെയും തിന്മകളെയും ഇല്ലായ്മ ചെയ്യുന്ന അവസ്ഥയാണ്. നമ്മുടെ

ഹൃദയങ്ങളെ ദൈവീക ഭരണത്തിനായി സമർപ്പിക്കുമ്പോൾ ശാന്തിയുടെയും സമാധാനത്തിന്റെയും അനുഭവത്തിന് നാം ഓഹരിക്കാരാകും.

**ക്രിസ്തുവിന്റെ സമാധാനത്തിന് മൂന്ന് തലങ്ങൾ ഉണ്ട്.**

1. മനുഷ്യഹൃദയത്തെ തകർക്കുന്ന പാപം, കുറ്റബോധം, ആകുലചിന്ത, നിരാശ, ഭയം എന്നിവ മാറ്റി ക്ഷമയും, സ്നേഹവും, സന്തോഷവും, സമാധാനവും ഹൃദയത്തിൽ സൃഷ്ടിക്കുന്നു (മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിൽ സമാധാനം).

2. മനുഷ്യബന്ധങ്ങളിൽ ശത്രുത, കാപട്യം, ഭിന്നത, പക, വിദ്വേഷം എന്നീ അകൽച്ചയുടെ വഴികൾ മാറ്റി കൂട്ടായ്മയുടെ സുഹൃദ്ബന്ധങ്ങൾ പ്രദാനം ചെയ്യുന്നു (മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ സമാധാനം).

3. സാമൂഹ്യഘടനയിൽ അനീതി, അസ്വാതന്ത്ര്യം, ചൂഷണം, വിവേചനം, ക്രൂരത, അടിച്ചമർത്തൽ, പീഢനം എന്നീ തിന്മയുടെ ശക്തികൾ മാറ്റി നീതിയും, ന്യായവും, ഭദ്രതയും സാമൂഹ്യ വ്യവസ്ഥതികളെ ചൈതന്യമാക്കിത്തീർക്കുന്നു (മനുഷ്യനും സമൂഹവും തമ്മിലുള്ള ബന്ധത്തിൽ സമാധാനം).

ഇപ്രകാരം സമഗ്രമായ സമാധാനത്തിന് വേണ്ടി ലോകം ആകാംക്ഷയോട് കാത്തിരിക്കുന്നു. സമാധാനം അന്വേഷിച്ച് അതിന്റെ യഥാർത്ഥ ഉറവിടമായ ക്രിസ്തുവിന്റെ അടുക്കലേയ്ക്ക് വരിക. സമാധാനത്തിന്റെ മാർഗ്ഗം എന്താകുന്നു എന്ന് യേശുവിന്റെ ജീവിതശൈലിയിൽ നിന്ന് പഠിക്കാം. വി. പൗലോസ് പറയുന്നു: 'അവൻ നമ്മുടെ സമാധാനം... അവൻ വന്ന് ദൂരത്തായിരുന്ന നിങ്ങൾക്ക് സമാധാനവും, സമീപത്തുള്ളവർക്ക് സമാധാനവും സുവിശേഷിച്ചു' (എഫെ 2. 14-22).

പ്രസിദ്ധ ഗ്രന്ഥകർത്താവായ ഇ.എച്ച്.സീയേസ് ഇപ്രകാരം ആഹ്വാനം ചെയ്തിരിക്കുന്നു: 'മാലാഖമാരുടെ ഗാനാലാപനത്തിന് ശേഷം അനീതി നടമാടിയ രണ്ടായിരം വർഷം കടന്നുപോയി. മനുഷ്യൻ മനുഷ്യനോട് പടവെട്ടിക്കൊണ്ടിരിക്കുമ്പോൾ മാലാഖമാർ അവതരിപ്പിക്കുന്ന സ്നേഹഗാനം മനുഷ്യർ കേൾക്കുന്നില്ല. സമരപ്രിയരായ മനുഷ്യരേ ശബ്ദമടക്കി മാലാഖമാരുടെ ഗാനാലാപം ശ്രദ്ധിക്കൂ'.

സ്നേഹവും സമാധാനവും ഉദ്ഘോഷിച്ചുകൊണ്ട് ഈ ലോകത്തിന്റെ രക്ഷയ്ക്കായി മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ കരങ്ങളിൽ നമ്മെ സമർപ്പിക്കാം. അവൻ നൽകുന്ന സ്നേഹവും സമാധാനവും നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാക്കിക്കൊണ്ട് അവയുടെ വക്താക്കളായി നമുക്ക് ജീവിക്കാം. ***ഏവർക്കും സ്നേഹവും, സമാധാനവും നിറഞ്ഞ ക്രിസ്തുമസ് നവവത്സര ആശംസകൾ.***

## 2013 December Programme

| Date & Day | Programme | Venue |
|---|---|---|
| 01-12-2013<br>Sunday | Annual Thanks Giving Service at 8.30 AM.<br>Chief guest: The very Rev. Mathew Mathew<br>Love Feast | M.M. Church<br><br>T.J.M Hall |
| 02-12-'13 to<br>21-12-2013 | Carol Rounds | |
| 08-12-2013<br>Sunday | Regular Sunday Services<br>CEYF Carol Service - 6 PM | M.M.Church |
| 14-12-2013<br>Saturday | Harvest festival 2013 - 8.30 AM<br>Inauguration: Rev. D.P. Godwin | T.J.M. Hall |
| 15-12-2013 | Regular Sunday Services<br>Harvest Festival continues - 10 AM | M.M. Church<br>T.J.M Hall |
| 21-12-2013 | X'mas Carol Service - 'Jesus Child'<br>Presented by MM Church Choir - 6 PM | M.M. Church |
| 22-12-2013 | Combined X'mas celebrations - 6 PM | Daya Cross Platform |
| 24-12-2013 | X'mas Eve Service-6.15 PM | M.M.Church |
| 25-12-2013<br>Wednesday | X'mas Day Tamil Service - 6.30 AM<br>Malayalam Service - 8 AM<br>English Service -10 AM<br>X'mas Tree & BCL Union Anniversary - 3 PM | M.M. Church<br><br><br>T.J.M. Hall |
| 31-12-2013<br>Tuesday | Watch Night Service - 10.30 PM | M.M. Church |
| 01-01-2014<br>Wednesday | New Year Service Tamil Service - 6.30 AM<br>Malayalam Service - 8 AM | M.M. Church |

**Rev. C.R. Vincent**
Presbyter-in-charge

**Dr. Christenson E. Sarasam**
Chruch Secretary

*We wish all Church Members and Readers*
*A Christ centered Christmas*
*&*
*A Blessed New Year*



*Church Committee*

# ഇമ്മാനുവേൽ – ദൈവം നമ്മോട് കൂടെ

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

വർണ്ണാഭമായ ക്രിസ്തുമസ് നമുക്കേവർക്കും സന്തോഷം നൽകുന്ന, ലോകം മുഴുവൻ ആഘോഷിക്കപ്പെടുന്ന മഹോത്സവദിനമാണ്. ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ലോകത്തിന് നൽകിയ ഈ സുദിനത്തിൽ ദൈവസ്നേഹത്തിന്റെ നിറഞ്ഞ സാന്നിദ്ധ്യമാണ് നാം ദർശിക്കേണ്ടത്.

പിതാവായ ദൈവം സർവ്വശക്തനാണ്, സർവ്വവ്യാപിയാണ്, സകലചരാചരത്തിന്റെയും സൃഷ്ടാവുമാണ്. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. ദൈവം സ്നേഹമാകുന്നു. കാറ്റിനെയും വെളിച്ചത്തെയും വൈദ്യുതിയെയും നാം അനുഭവിച്ചറിയുന്നത് പോലെ ദൈവസ്നേഹത്തെ നാം അനുഭവിച്ചാണറിയുന്നത്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയാലും അവരുടെ നടവിൽ ഞാനുണ്ട് എന്ന വാഗ്ദത്തത്തെ മുറുകെപ്പിടിച്ചുകൊണ്ട് നാം പ്രാർത്ഥനാജീവിതത്തിലൂടെ മുന്നേറുന്നു.

ദൈവം തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യരായ നാം പാപത്താൽ ദൈവത്തിൽ നിന്നകന്നു പോയി. യെശയ്യാ പ്രവാചകൻ പറഞ്ഞിരിക്കുന്നത് പോലെ: 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന് ദൈവം നമ്മോട് കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേർ വിളിക്കും' എന്ന പ്രവചനം നിവൃത്തിയായത് കന്യക മറിയയിലൂടെ ബെത്‌ലഹേം പുൽക്കൂട്ടിൽ ദൈവം തന്റെ പുത്രനെ ജനിക്കുമാറാക്കിയപ്പോഴാണ്. അങ്ങനെ ലോകത്തിന്റെ പാപപരിഹാര ബലിക്കായുള്ള ഈ കുഞ്ഞാടിന്റെ ജനനത്തിലൂടെ ദൈവപുത്രൻ നമ്മെ അന്വേഷിച്ച് നമ്മുടെ ഇടയിലേക്ക് ഇറങ്ങിവന്നു.

## ദൈവം നമ്മോട് കൂടെ ഉണ്ടായിരിക്കണം

ഫ്രാൻസിലെ ചക്രവർത്തിയായിരുന്ന നെപ്പോളിയനെപ്പറ്റിയുള്ള ഐതിഹ്യം ഇപ്രകാരം - തന്റെ രാജ്യം മറ്റ് രാജ്യങ്ങളുമായി യുദ്ധത്തിലേർപ്പെടേണ്ടിവരുന്ന സന്ദർഭങ്ങളിൽ സൈന്യത്തെ യുദ്ധക്കളരിയിലേക്ക് അയച്ച ശേഷം ചക്രവർത്തി കൊട്ടാരത്തിൽ സുഖലോലുപനായിക്കഴിയുന്ന സ്വഭാവക്കാരനായിരുന്നില്ല. അദ്ദേഹം സൈന്യത്തോടൊപ്പം യുദ്ധക്കളത്തിൽപ്പോവുക പതിവായിരുന്നു. തങ്ങളോടൊപ്പം തങ്ങളുടെ ചക്രവർത്തി കൂടെയുണ്ട് എന്ന സത്യം സൈന്യത്തിന് ധൈര്യവും ആവേശവും പകർന്നിരുന്നു. അതുപോലെ സ്വർഗ്ഗം വിട്ടിറങ്ങിവന്ന ദൈവപുത്രൻ സകല മാനവരാശിക്കും നൽകുന്ന ഉറപ്പ് 'ദൈവം നമ്മോട് കൂടെ' എന്നതാണ്. ഈ ആശ്വാസത്തിന്റെയും ബലപ്പെടുത്തലിന്റെയും ഉറപ്പിൽ ഉറച്ച്നിൽക്കുന്നവർക്ക് നിരാശയുടെ പടുകുഴികളിൽ നിന്നും പ്രത്യാശയുടെ കൊടുമുടിയിലേക്ക് ഉയരാൻ

കഴിയും. ഇങ്ങനെ സുഖദു:ഖ സമ്മിശ്രമായ ഈ ലോകയാത്രയിൽ ദൈവീകമായ ചിന്ത നിറഞ്ഞ് നിൽക്കുന്ന മനസ്സാണ് നമുക്ക് വേണ്ടത്.

## ആധുനിക യുഗം - ആകുലതയുടെ സുവർണ്ണകാലം

ശാസ്ത്രത്തിന്റെ ആധുനിക കണ്ടുപിടുത്തങ്ങളിലൂടെ വളർച്ചയുടെയും വികാസത്തിന്റെയും പാതയിലൂടെ നാം വളരെയേറെ മുന്നേറിയെങ്കിലും അരക്ഷിതത്വവും ശൂന്യതാബോധവും ആധുനികയുഗത്തിന്റെ പ്രത്യേകതകളാണ് (An age of Golden Anxiety) എന്നാണ് വിശേഷിപ്പിക്കാറുള്ളത്. പാരിസ്ഥിതിക നാശം നിമിത്തമുള്ള കാലാവസ്ഥാവ്യതിയാനങ്ങൾ രൂക്ഷമാകുന്നു. ആഗോള താപനില ഉയരുന്നു. പിന്നീട് മാസങ്ങളോളം നീണ്ടുനിൽക്കുന്ന മഴക്കാലം നിമിത്തം നദികൾ കരകവിഞ്ഞൊഴുകുന്നു. വെള്ളപ്പൊക്കം രൂക്ഷമാകുന്നു. കായികാദ്ധ്വാനത്തിലൂടെ പാടങ്ങളിൽ കൃഷിചെയ്ത് ഭക്ഷ്യക്ഷാമം പരിഹരിക്കാൻ സന്നദ്ധരായവരുടെ എണ്ണം ഗണ്യമായി കുറയുന്നു. മണ്ണിൽ വിളയുന്ന ഭക്ഷ്യധാന്യങ്ങൾക്ക് മാത്രമേ നമ്മുടെ വിശപ്പടക്കാൻ കഴിയുകയുള്ളൂ എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടു പോലും പുത്തൻ തലമുറയ്ക്ക് കൃഷിയോട് യാതൊരു താൽപ്പര്യവുമില്ലാത്ത കാലമാണിത്.

അധ്വാനിക്കാതെ ധനികരാകുന്നതിനുള്ള കുറുക്കുവഴികൾ തേടിനടക്കുന്ന യുവാക്കളും കൗമാരപ്രായക്കാരും അടങ്ങുന്ന മാഫിയകൾ എങ്ങും ശക്തരായിത്തീരുന്നു. മാലമോഷണം, കള്ളക്കടത്ത്, കരിഞ്ചന്ത, ലഹരിമരുന്ന് കടത്ത്, ലൈംഗികത്തൊഴിൽ എന്നിവ അധ്വാനം കൂടാതെ പണം ഉണ്ടാക്കാവുന്ന വഴികളായി ഇക്കൂട്ടർ സ്വീകരിക്കുന്നു. അക്രമങ്ങളുടെ സ്ഫോടനങ്ങളും ജനജീവിതത്തെ ദു:സ്സഹമാക്കിക്കൊണ്ടിരിക്കുന്നു. ഇന്റർനെറ്റ്, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ യുവജനങ്ങളുടെ ജീവിതപാതയിൽ വ്യതിയാനങ്ങൾ ഉണ്ടാക്കി ആത്മഹത്യ, കൊലപാതകം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന യുഗത്തിലാണ് നാം ജീവിക്കുന്നത്. വാർദ്ധക്യത്തിലെത്തിയ 'ഗ്രാന്റ് പേരന്റ്സ്'-നെ സംരക്ഷിച്ചിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി തകരാറിലായപ്പോൾ വൃദ്ധജനങ്ങൾ നിരാലംബരായി. ഇവരിൽപ്പലരും ഇന്ന് 'ഡിസ്പോസിബിൾ ഗ്രാന്റ് പേരന്റ്സ്' ആയി (ഉപയോഗശൂന്യമായ വസ്തുക്കളെ നാം വലിച്ചെറിയുന്നതു പോലെ) വൃദ്ധസദനങ്ങളിലേക്ക് തള്ളിക്കളയുന്നു. മറ്റുചില വൃദ്ധജനങ്ങൾ തങ്ങൾക്ക് ലഭിച്ച വൈധവ്യം, തീരാരോഗങ്ങൾ എന്നീ സഹയാത്രികരോടൊപ്പം പഴയ തറവാടുകളിൽ അകലങ്ങളിലേക്ക് കണ്ണുംനട്ട് സമീപത്തെവിടെയോ പതിയിരിക്കുന്ന മരണത്തെ പ്രതീക്ഷിച്ച് ദിനങ്ങൾ തള്ളിനീക്കുന്നു.

### കമ്പോള ഉൽപ്പന്നമായിക്കഴിഞ്ഞ ആധുനിക ക്രിസ്തുമസ്

ഇന്ന് നാം ആടിത്തിമിർത്ത് 'അടിച്ചുപൊളിച്ച്' ആഘോഷിക്കുന്ന ക്രിസ്തുമസ് എന്ന ക്രിസ്തുവിന്റെ ജന്മദിനത്തിന് പശുത്തൊട്ടിയിൽ ജനിച്ച്

മരപ്പണിക്കാരനായ യോസേഫിന്റെ ഭവനത്തിൽ വളർന്ന് ദരിദ്രരുടെയും പീഡിതരുടെയും പാപികളുടെയും രോഗികളുടെയും ആശ്വാസദായകനായിരുന്ന യേശുവിന്റെ ജനനവും ജീവിതശൈലിയുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഇന്ന് മതത്തെയും അതിന്റെ ആത്മീകതയെയും ഉൾപ്പെടെ എന്തിനെയും കമ്പോളം അതിന്റെ ഉൽപ്പന്നങ്ങളാക്കി മാറ്റിക്കഴിഞ്ഞു. പണം ധൂർത്തടിക്കാനും മദ്യലഹരിയിൽ ആഘോഷിക്കാനുള്ള സന്ദർഭമായി ക്രിസ്തുമസ് മാറി. ഈ സത്യം കൊട്ടിഘോഷിക്കുന്നവയാണ് ബേക്കറികളിൽ നിരത്തുന്ന വിവിധ നിറത്തിലും വലിപ്പത്തിലുമുള്ള ക്രിസ്തുമസ് കേക്കുകൾ, വിവിധ നിറങ്ങളിലും ആകൃതികളിലും മിന്നിത്തിളങ്ങുന്ന ക്രിസ്തമസ് വിളക്കുകൾ, നമ്മുടെ സ്വീകരണ മുറികളെ അലങ്കരിക്കുന്ന വേരുകൾ ഇല്ലാത്ത ക്രിസ്തുമസ് ട്രീകൾ, പള്ളിയങ്കണങ്ങളിൽ വളരെ ദൂരത്തിൽ പ്രകാശം ചൊരിയുന്ന നക്ഷത്രവിളക്കുകൾ, റോഡിന്റെ ഒരുഭാഗത്ത് കൂടി വാദ്യഘോഷങ്ങളായി ഒരു കരോൾ സംഘം കടന്നു പോകുമ്പോൾ അതിന്റെ അപ്പുറത്തെ വഴിയിലൂടെ ഇരട്ടിശബ്ദത്തിൽ കടന്നുപോകുന്ന മറ്റൊരു സംഘം. ഈ കരോൾ സംഘത്തിന്റെ നടുവിൽ ചുവന്ന ഉടയാടകളും വീർത്ത്കെട്ടിയ കുടവയറുമായി വീർപ്പ്മുട്ടുന്ന ക്രിസ്തുമസ് ഫാദർ. മദ്യം ഏറ്റവും വിറ്റഴിക്കപ്പെടുന്ന ഈ ദിനങ്ങളിൽ മൂക്കറ്റം മദ്യപിച്ച് മദ്യത്തിന്റെ ലഹരിയിൽ ട്രാഫിക് നിയമങ്ങളെ കാറ്റിൽപ്പറത്തി വാഹനങ്ങൾ ഓടിച്ച് ഏറ്റവും അധികം റോഡപകടങ്ങൾ ഉണ്ടാകുന്ന ശകടസാരഥികൾ - ഇത് ഏത് ഇമ്മാനുവലിന്റെ തിരുപ്പിറവിയാണ്?

കാലിത്തൊഴുത്തിൽപ്പിറന്ന് കീറിയ ശീലകളാൽ പൊതിഞ്ഞ് ആട്ടിടയന്മാരും ശാസ്ത്രിമാരും വന്ദിച്ച ഇമ്മാനുവേലിന്റെ തിരുപ്പിറവിയുടെ ഉദ്ദേശലക്ഷ്യങ്ങൾ അപ്പാടേ മറന്നിരിക്കുന്ന നമുക്ക് ഇന്ന് പറയാൻ കഴിയുമോ, ‘ദൈവം നമ്മോട് കൂടെ’ എന്ന്?

എളിമയുടെ മാർഗ്ഗത്തിലൂടെ നമുക്ക് മുന്നേറാം. ഇമ്മാനുവേൽ നമ്മുടെ ഹൃദയങ്ങളിൽ ജനിക്കട്ടെ. ലോകത്തിന്റെ വെളിച്ചങ്ങളായി ശോഭിക്കാൻ നമുക്ക് ശ്രമിക്കാം. നാം നൽകുന്ന വെളിച്ചത്തിൽ നിന്ന് ‘ദൈവം നമ്മോട് കൂടെ’ എന്ന് ലോകം തിരിച്ചറിയട്ടെ. ഏവർക്കും ഊഷ്മളമായ ക്രിസ്തുമസ് ആശംസകൾ.

**Bible Quiz**

**People who submitted the right answers along with the reference.** (Church Voice November edition)

1. Jacob Dilip Titus
2. Annie Liz Manuel
3. Susheela Jamestone
4. Sajna Thomas
5. Shireen Evangeline Ross
6. Prema Kumar
7. E.H.Helen Saramma

# ബെത്‌ലഹേം വിളിക്കുന്നു

രചന, സംഗീതം: ജോസ്. എച്ച്. ജോൺസ്

ബെത്‌ലഹേം വിളിക്കുന്നു
നിന്നെയെൻ സോദരാ
നിൻ ഹൃദയമാം പുൽക്കൂടതിൽ
നാഥന് ഇടമേകുമോ
മഞ്ഞുമൂടും താഴ്‌വരയിൽ
കളകളം പാടുന്നു രാപാടികൾ (2)
തഞ്ചമായി പാടുന്നു കോകിലങ്ങൾ
തിരുജനനം പാടിടുന്നു വാഴ്ത്തീടുന്നു (2) (ബെത്‌ലഹേം)

1. കാലിത്തൊഴുത്തിൽ പുൽമെത്തയിൽ
പുഞ്ചിരി തൂകും പൈതലവൻ (2)
മേരിതൻ സുതനായി പാരിതിൽ ജാതനായി
നിൻ പാപഭാരങ്ങൾ നീക്കിടുവാൻ (2) (ബെത്‌ലഹേം)

2. ദൂരവേ നിന്നും വന്നു രാജാക്കൾ
മൂരുപൊൻകാഴ്ചകൾ അർപ്പിച്ചീടാൻ (2)
കാഴ്ചകളുമായി പോയിടാം ബേതലേ
രാജാധിരാജനെ വണങ്ങീടുവാൻ (2) (ബെത്‌ലഹേം)

# ബെത്‌ലഹേം വീഥിയിൽ

രചന, സംഗീതം: വിൻസ്റ്റൺ. ഐ. പോൾ

ബെത്‌ലഹേം വീഥിയിൽ നിന്നും
ശാന്തിയിൻ മാറ്റൊലി കേട്ടു
രാജാധിരാജാവായി മശിഹാ
ഭൂമിയിൽ പിറന്നൊരു രാവിൽ (ബെത്‌ലഹേം)

1. ഇടയർ കേട്ടു മധുരിത ഗാനം
ഓടിയെത്തി ആ പുൽക്കൂട്ടിനരികിൽ (2)
ഓമന പൈതലേ കണ്ടു നമിച്ചു
ഇമ്പമായി പാടി നൃത്തമാടി (2) (ബെത്‌ലഹേം)

2. ഉന്നതേ മഹത്വം ഭൂമിയിൽ ശാന്തി
മാലാഖമാരവർ ഗീതികൾ പാടി (2)
മാനവരഖിലവും പാടി സ്തുതിച്ചു
ഉന്നതം വിട്ടങ്ങ് വന്നവനെ (2) (ബെത്‌ലഹേം)

*(നവംബർ 16-ന് പ്രകാശനം ചെയ്ത 'വന്നല്ലോ വീണ്ടും ക്രിസ്തുമസ്' എന്ന സി.ഡി.യിൽ നിന്ന്)*

# ലോകത്തിൻ പാപങ്ങൾ നീക്കാൻ

രചന, സംഗീതം: റ്റി. ജയകുമാർ ആൽഫ്രഡ്

ലോകത്തിൻ പാപങ്ങൾ നീക്കാൻ
ലോകത്തിൻ ശാപങ്ങൾ മാറ്റാൻ (2)
ഉണ്ണിയേശു പിറന്നിതാ ഭൂവിൽ
ഉന്നതംവിട്ടങ്ങു താണിറങ്ങി (2)

**കോറസ്**:-


പാടിസ്തുതിച്ചീടാം രാജാവിനെ
വാഴ്ത്തിവണങ്ങീടാം ദിവ്യപൈതലെ (2)
വന്ദിച്ചിടാം... ആരാധിക്കാം
ഗീതങ്ങൾ പാടിപ്പുകഴ്ത്തീടാം (2)

**ചരണങ്ങൾ**:-

1. വചനം ജഢമായ കർത്താവേ
വചനത്താൽ അനുഗ്രഹം ചൊരിയേണമേ (2)
പുൽക്കൂട്ടിൽ വാഴും മശിഹായേ
പുതുക്കേണം ഞങ്ങൾ തൻ ഹൃദയങ്ങളെ (2) (ലോക...)

2. ശാന്തി സമാധാനം നൽകീടുവാൻ
ശാന്തനായ് അവതാരം ചെയ്ത നാഥാ (2)
പാപങ്ങൾ നീക്കി വെടിപ്പാക്കണേ
പാപിയാം എന്നെ നീ കൈവിടല്ലേ (2) (ലോക...)





# പ്രതിവാര ധ്യാനം

**ഡിസംബർ 2013**

**ഡിസംബർ 01, 2013**, വാർഷിക സ്തോത്രാരാധന

**വിഷയം: ദൈവരാജ്യത്തിന്റെ സുവിശേഷം**

യെശ. 5:8-16, സങ്കീ. 68:11-20, ഫിലി. 1:12-26, മത്താ. 4:12-17

**ഡിസംബർ 08, 2013**, രണ്ടാം ഞായർ

**വിഷയം: ദൈവവചനം: ലോകത്തിന്റെ പ്രത്യാശ**

ആവ. 18:9-22, സങ്കീ. 119:105-112, 1 പത്രൊ. 1:10-12, യോഹ. 1:14-34

**ഡിസംബർ 16, 2013**, മൂന്നാം ഞായർ

**വിഷയം: കർത്താവ് നമ്മോട് കൂടെ: യഥാർത്ഥമായ ദൈവരാജ്യം**

യെശ. 11:1-9, സങ്കീ. 19:1-6, 24, റോമ. 1:1-7, മത്താ. 1:18-23

**ഡിസംബർ 22, 2013**, നാലാം ഞായർ

**വിഷയം: ക്രിസ്തുവിന്റെ വരവിലുള്ള സന്തോഷം**

മീഖ. 4:1-5, സങ്കീ. 126, 1 യോഹ. 4:7-21, യോഹ. 4:21-37

**ഡിസംബർ 29, 2013**, അഞ്ചാം ഞായർ

**വിഷയം: കുടുംബങ്ങളുടെ സ്നേഹവും ഐക്യവും**

യോശുവ 24:1-13, സങ്കീ. 127/128, 1 യോഹ. 2:7-17, മത്താ. 12:46-50



**JOHANNA ESTHER**

1. First prize in Elocution competitions, at both subdistrict level and Trivandrum revenue district level held by Kerala Gandhi Smaraka Nidhi, Gandhi Bhavan, Trivandrum.
2. Second prize in Elocution and painting competitions held by Kerala University Centre for Gandhian Studies.
3. Third prize at Diocesan level, second prizes at district and area levels in story telling competitions.
4. Second prize in Elocution competition held by UCM, Trivandrum.

She is the granddaughter of Mrs. & Mr. R.J.D. Prathapan (Family No. 927) and is our Sunday School student.



**JONATHAN EDWARDS**

Second prize in solo singing held by UCM, Trivandrum.

He is the grandson of Mrs. & Mr. R.J.D. Prathapan (Family No. 927)and is our Sunday School student.

# MATEER MEMORIAL CHURCH, CAROL ROUNDS 2013

| Date | Team A | Team B | Team C | Team D | Team E |
|---|---|---|---|---|---|
| **Group Convenor/ Music Leaders** | **Mr.Martin Daniel**<br>Er.Jose H Jones | **Mr Sen Edwin, /**<br>Mr..T.Jayakumar Alfred<br>Mr. Jeevan Sathyan | **Mr.Ajith Sen G S /**<br>Mr.Tony Wilfred, Er.Reny M John<br>Mr.Anish U S | **Mr.Charles Fision Thankaraj/**<br>Mr.Amarnath I Paul, Mr.Prem Chand<br>Mr.Shadrak Sushil | **Mr.Vijayakumar C /**<br>Mr.John Benson,Mr.Dharmakumar,<br>Mr.Naveen Sam |
| **02-Dec-13 Monday** | | **Tutors Lane,Statue,Uppalam Rd, General Hosp Jn**<br>Rev. Dr. L E Sahanam<br>Mr.Wilson G / Mrs.Puspha Madan | | **LMS**<br>Rev. C R Vincent<br>Mr.Sivandandan/Dr.Christenson E Sarasam | **Karamana,Karumam, Pappanamcode**<br>Rev.Sunin Spenzer E<br>Mr.Rajeev/Adv.Sarjine.Thomas |
| **03-Dec-13 Tuesday** | **Vazhuthacaud,GandhiNagar,MP Appan Road,DPI,Minchin Road**<br>Rev. Dr. L E Sahanam<br>Mr.Sivandandan / Mr.Christudas Y | | **Paris Road-Nanthavanam**<br>Rev. C R Vincent<br>Dr.Christenson E Sarasam | **Devapalan Nagar, Peroorkada,Mannanmoola**<br>Rev.Sunin Spenzer E<br>Mr.Wilson / Dr.Arthur Jacob | **Barton Hill,Kunnukuzhy, Vadayakkad,Vanchiyoor**<br>Rev.Manoharan<br>Mr.Rajeev / Mr.Sajan Samson |
| **04-Dec-13 Wednesday** | **Kesavadasapuram,Paruthippara, Pananvila,Parottukonam**<br>Rev. C R Vincent<br>Mr.Rajeev / Mrs.Charlet Bai Robert | **Jagathy,Poojapura,Mudavanmugal Thamalam**<br>Rev.Sunin Spenzer E<br>Mr.Wilson / Mr.Christudas Y | | | |
| **05-Dec-13 Thursday** | | | **Nethaji Bose Road,Yuvadhara Gardens**<br>Rev.Sunin Spenzer E<br>Mr.Wilson / Mr.Jayakumar Alfred | **Mannanthala,Nalanchira, Parottukonam**<br>Rev. C R Vincent<br>Mr.Rajeev / Mrs.Charlet Bai Robert | **Lower Pattom,Plamoodu, Adarsh Nagar**<br>Rev. Dr. L E Sahanam<br>Mr.Sivanandan/ Mr.Sajan Samson |
| **06-Dec-13 Friday** | **Pattom, Panachamoodu Lane Palace View Road**<br>Rev.Sunin Spenzer E<br>Mr.Sivandandan / Mr.Sajan | **Kallayam,Kudappanakunnu, Vazhayila**<br>Rev. C R Vincent<br>Mr.Wilson / Dr.Arthur Jacob | **Ambalathara,Thiruvallam, Kovalam, Balaramapuram**<br>Rev.Manoharan<br>Mr.Rajeev / Mrs.Puspha Madan | **Museum Nanthencode Rd- NGO Qts Lane,Vayal Road**<br>Rev. Dr. L E Sahanam<br>Dr.Sateesh | |
| **07-Dec-13 Saturday** | **PMG,Oottukuzhy, Bakery Jn,Chempaka Nagar**<br>Rev. C R Vincent<br>Mr.Rajeev /Adv. Sarjine Thomas | **Pattom,LIC**<br>Rev.Sunin Spenzer E<br>Mr.Sajan Samson | **Parambikonam,NCC Road, Choozhampala, Kudappanakunnu**<br>Rev. Dr. L E Sahanam<br>Mr.Wilson / Dr.Arthur Jacob | | **Observatory,Lenin Nagar**<br>Rev.Manoharan<br>Mr.Sivandandan / Dr.Christenson E Sarasam |
| **08-Dec-13 Sunday** | | | | | |
| **09-Dec-13 Monday** | **Plamoodu-Charachira-Watts Lane**<br>Rev.Manoharan<br>Mr.Sivanandan/Mr.Jayakumar Alfred | | **Nandavanam**<br>Rev. C R Vincent<br>Dr.Christenson E Sarasam | **Vazhuthacaud,Althara,Edapazhanji,Maruthankuzhi,SasthamangalamVellayambalam**<br>Rev.Sunin Spenzer E<br>Mr.Wilson/Dr.John Sajith Edwin | **Kannanmoola,Kumarapuram**<br>Rev. Dr. L E Sahanam<br>Mr.Rajeev / Er. Joshi Das Y S |
| **10-Dec-13 Tuesday** | | **Pattoor,Pallimukku,Pettah,Veli, Cheriyathura,Muttathara**<br>Rev. Dr. L E Sahanam<br>Mr.Rajeev / Mrs.Pushpa Madan | | **Palayam,MeadsLane,Gandhariamman Kovil,Hosuing.BoardJn, Panavila**<br>Rev. C R Vincent<br>Mr.Sivandandan / Adv. SarjineThomas | **Maruthankuzhi,PTP,Vattiyoorkavu, Nettayam,Malamugal**<br>Rev.Sunin Spenzer E<br>Mr.Wilson / Dr. John Sajith Edwin |
| **11-Dec-13 Wednesday** | **Observatory**<br>Rev. C R Vincent<br>Mr.Rajeev / Dr.Christenson E Sarasam | **Nalanda,Manchadivila**<br>Rev.Sunin Spenzer E<br>Mr.Sivanandan / Dr.Sateesh | **Ambala Nagar,Ambalamukku**<br>Rev. Dr. L E Sahanam<br>Mr.Wilson / Dr.Arthur Jacob | | |
| **12-Dec-13 Thursday** | **Devasam Board,Keston Road, Christ Nagar**<br>Rev. Dr. L E Sahanam<br>Mr.Wilson / Dr.Churchin Ben | | **Nanthencode-YMR**<br>Rev.Sunin Spenzer E<br>Mr.Sivandandan / Mr.Jayakumar Alfred | **Museum Bains Compound**<br>Rev.Manoharan<br>Dr.Christenson E Sarasam | **PMG-Vikas Lane,Kunnukuzhy**<br>Rev. C R Vincent<br>Mr.Rajeev / Mr.Sajan Samson |
| **13-Dec-13 Friday** | **Vettamukku,Ilippode,Arappura, Maruthankuzhi**<br>Rev.Sunin Spenzer E | **Watts Lane**<br>Rev. C R Vincent<br>Mr.Sivanandan / Mr.Jayakumar | **Nalanda,Gnanabharanam Lane**<br>Rev. Dr. L E Sahanam<br>Dr.Sateesh | | |
| **14-Dec-13 Saturday** | | **Marappalam,TK Divakaran Road,Muttada,Paruthippara**<br>Rev. Dr. L E Sahanam<br>Mr.Rajeev / Mrs.Charlet Bai Robert | | | **Pandits Colony, Kowdiar,Jawahar Nagar**<br>Rev.Sunin Spenzer E<br>Mr.Wilson / Dr.Churchin Ben |
| **15-Dec-13 Sunday** | **Mulavana,Thekkmoodu**<br>Rev. Dr. L E Sahanam<br>Mr.Rajeev/ Mr.Sajan Samson | | **Rajeev Nagar,Lenin Nagar, Paris Road**<br>Rev. C R Vincent<br>Mr.Sivanandan /Dr.Christenson E Sarasam | | |
| **16-Dec-13 Monday** | **Pongumoodu,Prasanth Nagar,Ulloor,Kesavadasapuram**<br>Rev.Manoharan<br>Mr.Rajeev / Er.Joshi Das Y S | **Kowdiar,Golf Links,Pipinmoodu**<br>Rev.Samjis<br>Mr.Wilson / Dr.Churchin Ben | | **Nanthencode Bains Compound-2**<br>Rev. Dr. L E Sahanam<br>Dr.Satessh | **YMR-Charachira**<br>Rev. C R Vincent<br>Mr.Sivanandan / Mr.Jayakumar Alfred |
| **17-Dec-13 Tuesday** | | **Rajeev Nagar,Kanakanagar**<br>Rev.Sunin Spenzer E<br>Mr.Wilson / Dr.Churchin Ben | **Nanthen Nagar,Nanthencode**<br>Rev.Manoharan<br>Dr.Sateesh | **Charachira**<br>Rev. C R Vincent<br>Mr.Sivanandan / Mr.Jayakumar Alfred | **Kannettumukku,Jagathy, Edappazhanji,Vazhuthacaud,**<br>Rev. Dr. L E Sahanam<br>Mr.Rajeev / Mr.Christudas Y |
| **18-Dec-13 Wednesday** | **Poojappura,Thirumala**<br>Rev.Sunin Spenzer E<br>Mr.Wilson / Mr.Christudas Y | | **Murinjapalam,Medical College, Goureshapattom**<br>Rev. Dr. L E Sahanam<br>Mr.Rajeev / Er. Joshi Das Y S | | |
| **19-Dec-13 Thursday** | **Medical College,Chalakuzhy, Kesavadasapuram**<br>Rev.Samjis<br>Er.Joshi Das Y.S | **Thirumala,Kunnapuzha,Aramada**<br>Rev.Manoharan<br>Mr.Rajeev / Mr.Christudas Y | | **Peroorkada,Vazhayila, Karakulam,Nedumangaud**<br>Rev.Sunin Spenzer E<br>Mr.Wilson / Dr.Arthur Jacob | **Karamana,Thaliyal,Thampanoor, Mettukkada,Valiyasala**<br>Rev.C.R.Vincent<br>Mr.Sivanandan / Adv.Sarjine |
| **20-Dec-13 Friday** | **Pongumoodu,Sreekaryam, Karyavattom**<br>Rev. Dr. L E Sahanam<br>Mr.Rajeev / Er.Joshi Das Y S | **Chirakkulam.Rd.,Mathrubhoomi,Kunnampuram,Kaithamukku,East Fort**<br>Rev. C R Vincent<br>Mr.Wilson / Mrs.Pushpa Madan | **Kuravankonam,Marappalam**<br>Rev.Sunin Spenzer E<br>Mr.Sivanandan / Mrs.Charlet Bai Robertsingh | | **Nanthencode Bains Compound -1**<br>Rev. Monoharan<br>Dr.Sateesh |
| **21-Dec-13 Saturday** | | | **PTP,Valiyavila,Peyad**<br>Rev.Samjis<br>Mr.Wilson / Dr. John Sajith Edwin | | |

**General Convenor : Mr.T.Jayakumar Alfred: 2534781, 9895110652**
**Joint Convenor : Adv. Sarjine Thomas : 9847104775**
**Joint Convenor : Er. Joshi Das Y.S : 9446052121**

**Presbyters**
**Rev. C R Vincent, Rev. Dr. L E Sahanam & Rev. Sunin Spenzer E**

# Why Christmas Should be Celebrated

**Juliet Josephus**

Christmas is the season of merriment and glee,
Peace,joy and gladness spread all around,
Lots of jubilation all over the world,
'Tis because of the Babe born at Bethlehem.

In the midst of all this joyful celebration,
Have you ev'r stopped to ponder awhile,
Why this Babe was sent by God into the world?
It was to save you and me from an awful end.

Sin of Adam tainted every human being
Born on earth, ever since Creation,
The punishment for this sin-eternal Hell,
'The wages of sin-eternal death for Mankind'.

God's love for Mankind surpasses all love we know,
Thus willingly He gave us His Son,
To save you and me from the fire of Hell,
To gift eternal life to believers in Christ!

Jesus was born in a country chosen by God,
God's provision-substitute for Man,
Love of God seen in sacrificing His Son,
Restoring relationship-vital to Our God.

Born fully Son of Man,descendant of David,
In flesh He conquered Sin's wages,Death,
Yet He was born fully divine-Son of God,
As revealed in many places in the Bible.

He died an awful, shameful death for our cleansing,
The Son of Mary,God born in flesh;
After resurrection, He became Christ,
The Anointed One, Lion of Judah, Judge to come.

Will you then speak oft to Him because He loves you,
Thank Him for what He has done for us?
Will you love Him just the same as He loves you,
This sinless Man who died for sinful you and me?

Take up our cross and follow Him wherever He leads us;
His disciples then let us become,
Proclaim the Good News of salvation to all,
To those ignorant of such a great salvation.

Let your thoughts rest on these images this season
As with joy we celebrate Christmas:
Think of the agony in Gethsemane,
Think of the pain endured on the Cross He was nailed.

Think of the pain of desertion by His close friends,
Think of the agonised cry He raised:
'My God,My God, Why has Thou forsaken Me'
When wrapped in our sins, His Father's Face was hidden.

Victorious He emerged,this Son of Almighty God,
Death conquered for Mankind forever;
Through the vail of flesh, He entered God's Presence,
Door of Heaven opened for fellowship with God

But only through faith in Jesus can this be done.
So as we celebrate this Christmas,
Let's remenber the purpose for which He came,
Gratefully acknowledge, Jesus is the sole Way.

The Kingdom of God has come down to earth with Christ,
Open your heart, invite Jesus in,
He will come and occupy that place in your heart,
Which can never be filled by anything on earth.

Thus God's Kingdom within you, shall be established,
Where Spirit with spirit interact;
Then heaven on earth will thus be experienced,
Then our walk with God will be closer as He wants.

Let Christmas not be meant only to meet and feast,
Remind one another what He's done,
For the time is at hand, He will soon return
To take with Him, all those waiting for His coming.

# The Temptation of Jesus Christ

**Bejoy Peter**

Jesus was tempted. Yet he did not sin. This tells us that temptation in itself is not sin. Temptation is like a stranger knocking on the door. It does not matter as long as the stranger keeps knocking. But temptation becomes sin when you open the door for the stranger and give him a seat in your living room.

Jesus overcame the devil by resisting him. With his help so can we. Again, Jesus won over temptation by using the Word of God correctly. Many people find this difficult to do because they fail to store up God's Word in their hearts. The Psalmist teaches us to hide God's Word in our hearts so that we will not sin (119:11).

One more thought related to the victory of Jesus over the devil is that he was not only filled with the Spirit but also led by the Spirit. This means that temptation comes to all especially those who try to walk close with God. Jesus was fasting for forty days and nights spending time with God in prayer when the tempter came to him. So it is wise to be very careful and on your guard after having a special time of spiritual blessing.

God often sends encouragement to those who resist the devil. Matthew records that angels came and ministered unto Jesus (4:11). Luke, however, wished to point out another aspect. He records that "When the devil had finished all this tempting, he left him until an opportune time" (4:13). That means victory over temptation is not a one-time event as the devil goes about waiting for his next opportunity.

One thing the devil definitely craves is worship. That is why after having showed Jesus all the kingdoms of the world and their splendour, the devil said, "All this I will give you if you will bow down and worship me." Today people are ready to bow down to anyone if they are promising to bless them. Be warned, because worship belongs to God alone who is holy.

Above all, we should be happy that Jesus faced temptation. Why? He suffered when he faced temptation. **He came to know the pressure a man or woman faces when the tempter knocks at the door time and again. Because he understands first-hand what is the intensity of temptation, anyone of us can run to him to find help when tempted** (Hebrews 2:18).

He will not accuse or condemn. Be honest with God when you face temptation. Tell him what you are thinking and ask his help. He who prayed

for Simon Peter (Luke 22:31, 32) even before Peter denied him ever lives to intercede for you (Hebrews 7:25).

When you are tempted the next time, turn your thoughts to Jesus who is praying for you. Remember what a Sunday School student answered when the teacher asked her, "What will you do when Satan knocks at your door." "Oh, I will ask Jesus to open the door!" she answered.

Finally, know that the mighty trees on hilltops stand strong only because they send their roots deep when the wind blows strongly against them. Temptation is often a sign of God's presence with you. But the warning is, "So, if you think you are standing firm, be careful that you don't fall" (1 Corinthians 10:12). So when tempted, run to Jesus and to the throne of grace with confidence (Hebrews 4:15,16) and you will find help in your time of need!

*********************

## Christmas Pudding

Ingredients

| | | |
|---|---|---|
| 1. | Refined flour | - 100 gms |
| 2. | Carrots (grated) | - 100 gms |
| 3. | Potatoes (mashed) | - 100 gms |
| 4. | Raisins | - 100 gms |
| 5. | Bates | - 100 gms |
| 6. | Sugar | - 150 gms |
| 7. | Butter | - 100 gms |
| 8. | Nuts (chopped) | - 50 gms |
| 9. | Cinnamon (powdered) | - 2 tsp |
| 10. | Cloves (powdered) | - 2 tsp |
| 11. | Nutmeg (powdered) | - 2 tsp |
| 12. | Soda bicarb | - 1 tsp |
| 13. | Salt | - ½ tsp |

Method:

1. Mix together grated carrots, potatoes, chopped raisins, dates, sugar and butter.
2. Mix cinnamon, cloves, nutmeg, salt with flour and soda bicarb.
3. Add the second mixture to the first mixture and set aside for 10 mts.
4. Pour into a greased mould tin.
5. Steam for two hours.
6. Serve with vanila sauce.



## Vanila Sauce


Ingredients:

| | | |
|---|---|---|
| 1. | Sugar | - 250 gms |
| 2. | Cornflour | - 50 gms |
| 3. | Butter | - 30 gms |
| 4. | Vanila essence | - 2 tsp |
| 5. | Boiled water | - 2 glass |
| 6. | Salt | - a pinch |

Method:

1. Sieve and mix together sugar, cornflour, salt.
2. Add boiling water and cook until clear.
3. Add vanila and butter.
4. Serve hot.

*Courtesy: Sam Thomas*




The aim of this Bible Quiz is to promote reading of the Bible. **The Gospel according to John** (NIV) from which this month's questions are selected gives a personal touch to the biography of Jesus. John being the disciple who was keen on being close to Jesus, knew Him more personally than other disciples and the crowd, so his gospel contains more insight into the relationship that Jesus had with his disciples. So kindly read through the 21 chapters before attempting this quiz.

Each answer has to be accompanied with the relevant verse (reference). The answers can be written either in English or Malayalam and have to be submitted before 14th of every month either at the MM Church Office or can be emailed to churchvoice@gmail.com

1. How many years did it take to build the temple during Jesus' time?
2. Which village did Martha come from?
3. "Lord, to whom shall we go? You have the words of eternal life." Who said this?
4. What does Siloam mean?
5. At which place was John baptizing?
6. What was the weight of the spices that was used to wrap Jesus' body during burial?
7. Through whom was the law given?
8. Who came to Jesus at night?
9. Where were the disciples going off to when Jesus walked on the water?
10. Who is the true vine?


**Correct answers to the quiz on Luke**

1. 3 times 23:22
2. Naaman the Syrian 4:27
3. Simon Peter 5:8
4. Queen of the South 11:31
5. It's going to be hot 12:55
6. Abilene 3:1
7. Theophilus 1:3
8. Chief Tax Collector 19:2
9. Eating and drinking, buying and selling, planting and building 17:28
10. Justice and the love of God 11:42

# ബില്ലി ഗ്രഹാം

മനോജ് എബനീസർ

കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും പ്രശസ്തനായ സുവിശേഷ പ്രസംഗകൻ ആരെന്ന ചോദ്യത്തിന് ഒരുത്തരമേയുള്ളൂ: ബില്ലി ഗ്രഹാം എന്ന ലോകം അറിയുന്ന വില്യം ഫ്രാങ്ക്ളിൻ ഗ്രഹാം. 1918-ൽ അമേരിക്കയിലെ നോർത്ത് കാരലെയിന സംസ്ഥാനത്ത് ഷാർലെറ്റ് എന്ന ടൗണിൽ ഒരു കർഷകകുടുംബത്തിൽ ജനിച്ച ബില്ലി ചെറുപ്പത്തിൽ കുടുംബത്തിന്റെ പശുത്തൊഴുത്ത് വൃത്തിയാക്കിയും വളം ശേഖരിച്ചും വെയ്ക്കോൽ കൂട്ടിവെച്ചും രാവിലെ 3 മണിക്ക് എഴുന്നേറ്റ് 10-20 പശുക്കളെ കറന്ന ശേഷം സ്കൂളിൽ പോയുമാണ് വളർന്നത്. സ്കോട്ടലന്റിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറയിൽപ്പെട്ട ബില്ലിയുടെ മാതാപിതാക്കൾ പ്രസ്ബിറ്റീരിയൻ സഭയിൽപ്പെട്ടവരായിരുന്നു.



**ചെറുപ്പകാലം:**

1934-ൽ മോർദെക്കായി ഹാം എന്നൊരു സുവിശേഷകൻ ഷാർലെറ്റിൽ സുവിശേഷ ഘോഷണം നടത്തി. 11 ആഴ്ച നീണ്ട്നിന്ന ആ സുവിശേഷ യോഗങ്ങളിലൊന്നിലാണ് യുവാവായ ബില്ലി ഗ്രഹാം യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചത്. 2 വർഷത്തിനു ശേഷം 1936-ൽ ബില്ലിയും ചില കൂട്ടുകാരും ഫുള്ളർ ബ്രഷ് കമ്പനിക്ക് വേണ്ടി ഡോർ-ടു-ഡോർ സെയിൽസ് നടത്തുന്ന ജോലിയിൽ ഏർപ്പെട്ടു. ഇത് ആൾക്കാരോട് സംസാരിക്കാനും ആത്മവിശ്വാസത്തോടെ കാര്യങ്ങൾ അവതരിപ്പിക്കാനും ഒരു പരിശീലനമായി. തുടർന്ന് ഒരു പ്രൈവറ്റ് ബൈബിൾ കോളേജിലെ പഠനം ഇടയ്ക്ക് വെച്ച് മതിയാക്കി 1937-ൽ ഫ്ളോറിഡ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അവിടെവെച്ച് ആദ്യമായി തെരുവ്പ്രസംഗം നടത്തുകയും സുവിശേഷ പ്രസംഗകനാകണം എന്ന ആഗ്രഹം ഉണ്ടാവുകയും ചെയ്തു. രാത്രികാലങ്ങളിൽ ധ്യാനത്തിനായി പോകുമായിരുന്ന ഒരു ഗോൾഫ് കോഴ്സിൽവെച്ച്, സുവിശേഷം അറിയിക്കുന്നതിനായി ബില്ലി തന്റെ ജീവിതം സമർപ്പിച്ചു. 1939 -ൽ 21-ാം വയസ്സിൽ ബില്ലി ഗ്രഹാം ബാപ്റ്റിസ്റ്റ് സഭയിൽ സഭാശുശ്രൂഷകനായി ബോധകാഭിഷേകം സ്വീകരിച്ചു. തുടർന്ന് സ്വന്തമായി സുവിശേഷ യോഗങ്ങൾ സംഘടിപ്പിക്കാൻ തുടങ്ങി. ഇതിനിടെ ഷിക്കാഗോയിലെ വീറ്റൺ കോളേജിൽ നിന്ന് 1943-ൽ നരവംശശാസ്ത്ര ബിരുദം നേടി. അതേ

വർഷംതന്നെ ചൈനയിലെ മിഷണറിമാരുടെ പുത്രി റൂത്ത് ബെൽ എന്ന വനിതയെ വിവാഹം ചെയ്തു.

**ആദ്യകാല സുവിശേഷ പ്രവർത്തനം:**

യുവജനങ്ങളെ സുവിശേഷീകരിക്കുന്നതിനായി ടോറി ജോൺസൺ എന്ന ബാപ്റ്റിസ്റ്റ് സഭാശുശ്രൂഷകൻ 1944-ൽ **യൂത്ത് ഫോർ ക്രൈസ്റ്റ്** എന്ന പുതിയ സംഘടന ഷിക്കാഗോയിൽ ആരഭിച്ചപ്പോൾ ബില്ലി ഗ്രഹാമിനെ അതിന്റെ ആദ്യത്തെ സുവിശേഷകനായി നിയമിച്ചു. തുടർന്നുള്ള 2 വർഷം അമേരിക്കയിലെ മിക്കവാറും സംസ്ഥാനങ്ങളിൽ ബില്ലി യോഗങ്ങൾ നടത്തി. 1946-ൽ ഇംഗ്ലണ്ടിൽ പ്രസംഗിക്കാൻ പോയ ബില്ലി ഗ്രഹാം തിരിച്ചെത്തിയ ഉടനെ പിൽക്കാലത്ത് തന്റെ സുവിശേഷ യോഗങ്ങളിൽ ഫ്ളോർ മാനേജരായ ക്ലിഫ് ബാരോസ് എന്ന സഹവിശ്വാസിയെക്കൂട്ടി ഒരു 'ടീം' ആയി വീണ്ടും ഇംഗ്ലണ്ടിൽച്ചെന്ന് 21 പട്ടണങ്ങൾ സന്ദർശിച്ച് നൂറുകണക്കിന് സുവിശേഷയോഗങ്ങൾ നടത്തി. ഒരു ടീമുമായി ഓരോ സ്ഥലത്ത് ചെന്ന് സുവിശേഷ യോഗങ്ങൾ സഭകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന രീതി ബില്ലിയുടെ ശുശ്രൂഷയിൽ രൂപപ്പെട്ട് തുടങ്ങിയത് ഇക്കാലത്താണ്. തുടർന്ന് ഗ്രേഡി വിൽസൺ എന്ന ബാപ്റ്റിസ്റ്റ് ശുശ്രൂഷകനും ഗായകനായ ജോർജ്ജ് ബെവർലി ഷേ എന്നയാളും കൂടിച്ചേർന്നപ്പോൾ ബില്ലി ഗ്രഹാമിന്റെ ടീം പൂർണ്ണമായി. അവസാനം വരേയും അനേക ദശവർഷങ്ങൾ ഇവർ ഒരുമിച്ച് സുവിശേഷ ഘോഷണത്തിന് പ്രവർത്തിച്ചു. 1949-ൽ ലോസ് ഏഞ്ചലസ് യോഗങ്ങളിൽ ഒരു പാട്ടുകാരനായ സ്റ്റൂവർട്ട് ഹാംബ്ലെന്റെയും ഒളിമ്പ്യനായ ലൂ സാംപരിനിയുടെയും മാനസാന്തരം ബില്ലി ഗ്രഹാമിന് മാധ്യമശ്രദ്ധ നേടിക്കൊടുത്തു.

ഇതിനിടെ പൊതുജനങ്ങളുടെ ഇടയിൽ സുവിശേഷപ്രസംഗകരുടെ പലരുടെയും ആഢംബരജീവിതത്തെപ്പറ്റിയും യോഗങ്ങളിലെ കാണിക്ക കൈകാര്യം ചെയ്യുന്നതിനെപ്പറ്റിയുമുള്ള അതൃപ്തി മനസ്സിലാക്കി വ്യക്തമായ പ്രവർത്തനരീതിയും 'അക്കൗണ്ടബിലിറ്റി'യും ഉറപ്പാക്കാൻ **ബില്ലി ഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസോസിയേഷൻ** എന്ന പേരിൽ 1950-ൽ ഒരു സംഘടന രൂപീകരിക്കുകയും പ്രഗത്ഭരായ ക്രൈസ്തവ നേതാക്കളെ അതിന്റെ ഡയറക്ടർ ബോർഡിൽ നിയമിക്കുകയും ചെയ്തു. ഒരു പ്രധാനപ്പെട്ട തീരുമാനം സുവിശേഷ യോഗങ്ങളിലെ കാണിക്കയ്ക്ക് പകരം ബില്ലിക്കും ഓരോ അസോസിയേറ്റ് സുവിശേഷകനും അവരുടെ യോഗ്യതകളും മറ്റും പരിഗണിച്ച് പുറംലോകത്ത് കിട്ടുമായിരുന്ന നിശ്ചിത ശമ്പളം മാത്രം സ്വീകരിക്കാൻ തീരുമാനിച്ചതാണ്. മറ്റ് വരുമാനമെല്ലാം സുവിശേഷ സംഘടനയ്ക്ക് പോകുന്ന ഈ രീതി മറ്റ് സുവിശേഷകർക്ക് മാതൃകയായി. ഈ കാലത്ത് തന്നെയാണ് തന്റെ സുവിശേഷ യോഗങ്ങൾക്ക് 'ക്രൂസേഡ്' (കുരിശു യുദ്ധം) എന്ന പേര് നൽകിയത്. കേൾവിക്കാരെ ക്രിസ്തുവിനായി ഒരു തീരുമാനത്തിലെത്തിച്ചുകൊണ്ടാണ് ബില്ലിയുടെ ഓരോ പ്രസംഗവും

അവസാനിക്കുന്നത്. ഈ സമയത്ത് പാടുന്ന ഗാനമാണ് 'മാ പാപി ഞാൻ' (Just as I am). വേദപുസ്തകത്തിൽ നിലയുറപ്പിച്ചുകൊണ്ട്, " The Bible says..."എന്ന് ശക്തമായി പ്രസ്താവിക്കുന്ന രീതിയാണ് ബില്ലിയുടേത്.

**ശുശ്രൂഷയുടെ വളർച്ച:**

ടൈം വാരികയിലും ലൈഫ് മാസികയിലും ബില്ലി ഗ്രഹാമിന്റെ വചന ഘോഷണം ഫീച്ചർ ചെയ്യപ്പെട്ടു. ക്രൂസേഡുകൾ നടത്തുന്ന പട്ടണങ്ങളിലെ റേഡിയോ സ്റ്റേഷനുകളിലും അവ പ്രക്ഷേപണം ചെയ്യപ്പെട്ടു. 1949-ൽ ബോസ്റ്റണിൽ യോഗങ്ങൾ നടത്തവേ അമേരിക്ക മുഴുവൻ പ്രക്ഷേപണം നടത്തുന്ന ഒരു സ്ഥിരം റേഡിയോ പ്രോഗ്രാം തുടങ്ങുന്നതിനായി പ്രാർത്ഥിക്കുകയും 25,000 ഡോളറിനായി ഒരു രാത്രി പ്രത്യേകം പ്രാർത്ഥിക്കുകയും ആ യോഗത്തിൽവെച്ച് തുക പറയാതെ ആവശ്യം മാത്രം പങ്കിടുകയും ചെയ്തപ്പോൾ ഒറ്റ രാത്രികൊണ്ട് അത്ഭുതകരമായി ആ തുക ലഭിച്ചു. രൂത്ത് ഗ്രഹാമിന്റെ നിർദ്ദേശമായിരുന്നു ആ റേഡിയോ പ്രോഗ്രാമിന് 'അവർ ഓഫ് ഡിസിഷൻ' എന്ന പേര്.

ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു കഴിഞ്ഞാൽ അവരെ അവരുടെ പാട്ടിന് വിടുന്ന രീതിയാണ് അക്കാലത്ത് നിലവിലിരുന്നത്. എന്നാൽ യോഗങ്ങളിൽ വിശ്വാസമർപ്പിക്കുന്നവർക്ക് 'ഫോളോ അപ്പ്' നടത്തുന്നതിന് കൃത്യമായ ട്രെയിനിംഗ് നൽകി കൗൺസിലർമാരെ ആദ്യമായി നിയമിച്ചതും ഇതിനായി ലഘുലേഖകൾ തയ്യാറാക്കിയതും ഒരു പുതിയ രീതിയായി. മാത്രമല്ല വിശ്വാസത്തിലേക്ക് വന്നവരെ അതാത് സഭകളിൽ സജീവമാക്കുക എന്നതും പുതിയ ഒരു ലക്ഷ്യമായി.

ക്രൂസേഡുകൾ മിക്കവാറും വലിയ സ്റ്റേഡിയം അല്ലെങ്കിൽ മൈതാനം എന്നിവിടങ്ങളിൽ നടത്തുകയും ആ പട്ടണത്തെ മുഴുവൻ സുവിശേഷം കൊണ്ട് നിറയ്ക്കാൻ ശ്രമിക്കുകയുമാണ് ബില്ലി ഗ്രഹാം തുടങ്ങിവെച്ച രീതി. ക്രൂസേഡിന് മുമ്പ് സഭകളിലുള്ള തയ്യാറെടുപ്പും അതിനുശേഷം നീണ്ടു നിൽക്കുന്ന അനുധാവനവും പ്രത്യേകതകളാണ്. ബില്ലി ഗ്രഹാം കൊണ്ടുവന്ന ഏറ്റവും വലിയ സവിശേഷത ഒരു പട്ടണത്തിലെ പ്രധാനപ്പെട്ട സഭകളെല്ലാം (സഭാവിഭാഗ വ്യത്യാസം കൂടാതെ) ഒത്തുപ്രവർത്തിക്കുകയും കൂട്ടായിതന്നെ ക്ഷണിക്കുകയും ചെയ്താലേ ആ പട്ടണത്തിൽ ക്രൂസേഡ് നടത്താൻ പോവുകയുള്ളൂ എന്നതാണ്.

1959 മുതൽ ലോകമെമ്പാടും സഞ്ചരിച്ച് ക്രൂസേഡുകൾ നടത്തുവാൻ തുടങ്ങി. ഇന്ത്യയിൽ 1966-ൽ വരികയും മദ്രാസിലും മറ്റും സുവിശേഷ യോഗങ്ങൾ നടത്തുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി നിലനിന്നിരുന്നപ്പോൾ 1982-ൽ മോസ്കോയിൽ സോവിയറ്റ് യൂണിയൻ സംഘടിപ്പിച്ച ആണവയുദ്ധത്തെക്കുറിച്ചുള്ള സർവ്വമത കോൺഫറൻസിൽ അദ്ദേഹം പങ്കെടുത്തു. സോവിയറ്റ് വ്യവസ്ഥിതിയിൽ അവരുടെ ഏജന്റുമാരെ കുത്തിനിറച്ച

ചടങ്ങിൽ പങ്കെടുത്തല്ലോ എന്ന് രൂക്ഷമായ വിമർശനമുണ്ടായപ്പോൾ ബില്ലി പ്രതിവചിച്ചത്, 'അവരും സുവിശേഷം കേൾക്കണമല്ലോ' എന്നാണ്. സുവിശേഷം പ്രസംഗിക്കാൻ എവിടെയും പോകാൻ തയ്യാറുള്ളതുകൊണ്ടാണ് ഏറ്റവും കൂടുതൽ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ആൾക്കാരോട് സുവിശേഷം പ്രസംഗിച്ച വ്യക്തിയായി ബില്ലി ഗ്രഹാം മാറിയത്. ട്രൂമാൻ മുതൽ ഐസൻഹവർ, ലിന്റൺ ജോൺസൺ, നിക്സൺ, റെയ്ഗൺ, ബുഷ് (സീനിയർ), ബുഷ് (ജൂനിയർ) തുടങ്ങി പല അമേരിക്കൻ പ്രസിഡന്റുമാരുമായി ചങ്ങാത്തവും അവരോട് സുവിശേഷം പങ്കുവെയ്ക്കാനുള്ള അവസരവും ബില്ലി കാക്കുകയും ഇവർ പലരുടെയും സ്ഥാനാരോഹണത്തിൽ പ്രാർത്ഥന അർപ്പിക്കാൻ ബില്ലിയെ വിളിക്കുകയും ചെയ്തിട്ടുണ്ട്.

**ബില്ലി ഗ്രഹാമിന്റെ സംഭാവനകൾ**

'മൈ ആൻസർ' എന്ന പേരിൽ അദ്ദേഹമെഴുതിയ ഒരു പത്രകോളം പലരുടെയും ആത്മീയ സംശയങ്ങൾ ദൂരീകരിക്കാൻ ഉതകുകയും ഇതിലെ പല ചോദ്യങ്ങളും പിന്നീട് പുസ്തകരൂപത്തിൽ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 'പീസ് വിത്ത് ഗോഡ്' എന്ന ഏറ്റവും പ്രശസ്തമായ പുസ്തകവും മറ്റനേക പുസ്തകങ്ങളും (വേഡ് അഫ്ളെയിം, സീക്രട്ട് ഓഫ് ഹാപ്പിനസ്, തുടങ്ങിയവ) രചിച്ചിട്ടുണ്ട്. ഫിലിം മുഖേന സുവിശേഷം പ്രചരിപ്പിക്കുന്നതിനായി ഒരു വിഭാഗവും അദ്ദേഹം ആരംഭിച്ചു (വേൾഡ് വൈഡ് പിക്ചേഴ്സ്). 1960-ൽ ബില്ലി ഗ്രഹാം തുടങ്ങിയ ഡിസിഷൻ മാസിക കൂടാതെ ഒരു പൊതുക്രിസ്ത്യൻ മാസികയായി 'ക്രിസ്റ്റ്യാനിറ്റി ടുഡേ' തുടങ്ങാൻ അദ്ദേഹമാണ് പ്രേരണ ചെലുത്തിയത്.

ലോകമെങ്ങുമുള്ള സുവിശേഷ പ്രവർത്തനം ഉത്തേജിപ്പിക്കുന്നതിന് 1966-ൽ ബെർലിൻ നഗരത്തിൽ 'വേൾഡ് കോൺഗ്രസ്സ് ഓൺ ഇവാഞ്ചലിസം' തുടങ്ങിയതും 1983-ൽ ആംസ്റ്റർഡാമിൽ ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങളിലെ നാലായിരത്തിൽപ്പരം സഞ്ചാര സുവിശേഷകരെ കൂട്ടി വരുത്തിയതും ബില്ലി ഗ്രഹാമാണ്. ക്രിസ്തീയ നേതാക്കളുടെയും ചിന്തകരുടെയും ഒരു യോഗം സ്വിറ്റ്സർലണ്ടിലെ ലൂസാൻ പട്ടണത്തിൽ 1974-ൽ വിളിച്ചു ചേർത്തതും മറ്റാരുമല്ല. ഇത് ലൂസാൻ മൂവ്മെന്റ് എന്ന പേരിൽ ലോകക്രിസ്ത്യാനികളുടെ ഒരു ചിന്താവേദിയായി ഇന്നും നിലനിൽക്കുന്നു.


2013 നവംബർ 7-ന് തന്റെ 95-ാമത്തെ പിറന്നാളിൽ, 'മൈ ഹോപ്പ്' എന്ന പേരിൽ ഒരു വർഷം കൊണ്ട് ആലേഖനം ചെയ്ത ഒരു വീഡിയോ അമേരിക്കയിലെമ്പാടും പ്രദർശിപ്പിച്ചു. അതിലും ക്രിസ്തുവിനെ സ്വീകരിക്കാനുള്ള ക്ഷണമാണ് ബില്ലി ഗ്രഹാം നൽകിയത്. സിനിമയിൽ അഭിനയിക്കാനും രാഷ്ട്രീയത്തിൽ ഇറങ്ങാനും ആവർത്തിച്ച് പ്രലോഭനമുണ്ടായപ്പോഴും ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്ന ഒറ്റലക്ഷ്യത്തിൽ ഉറച്ചു നിന്ന തന്റെ സാക്ഷ്യം നിലനിർത്തി എന്നതാണ് ബില്ലി ഗ്രഹാമിനെ മഹത്വമുള്ള ദൈവദാസനാക്കുന്നത്.

## EVENTS from 17-10-2013 to 16-11-2013

| Crossed Jordan to be with the Lord | | |
|---|---|---|
| Sl.No | Family No | Name |
| 1 | 1250 | **Mrs. Kannamma**<br>Ayush,TC 27/267, TARA 204,Kaipally Lane, Thamburamukku,TVM 35<br>Died on 19-10-2013 |

| We welcome these new families joined by Marriage | | | |
|---|---|---|---|
| Sl.No | Family No | Members | Date of Marriage |
| 1 | 2063 | Mr. Ajin Ben & Mrs.Neena S Prathap | 20-10-2013 |

## In ever loving memory of



**N. Yohannan** **Chellamma Yohannan**

Called to Eternal Rest on

August 5, 2006 December 31, 2002

*"Blessed is the man who trusts in the LORD, whose confidence is in Him." Jeremiah 17:7*

**By Children and Grandchildren**

# കുടുംബം – ബന്ധങ്ങളുടെ കൂട്ടായ്മ

മിസ്സിസ് ഫ്ളോറൻസ് റെയ്ചൽ സുമം വിൻസെന്റ്

കുടുംബ ഞായർ ആരാധനയിൽ നൽകിയ സന്ദേശം

വേദഭാഗം: സങ്കീ. 128

സത്യവേദപുസ്തകത്തിലെ സങ്കീർത്തനങ്ങളിൽ നാം ഏറ്റവും ഇഷ്ടപ്പെടുന്നവയിൽ ഒന്നാണ് 128-ാം സങ്കീർത്തനം. വർണ്ണക്കൂടുകൾ കൊണ്ടൊരു ചിത്രകാരൻ മനോഹരമായ ചിത്രങ്ങൾ ക്യാൻവാസിൽ വരയ്ക്കുന്നതു പോലെ സങ്കീർത്തനക്കാരൻ അക്ഷരക്കൂട്ട് കൊണ്ട് അനുഗ്രഹീതമായ ഒരു ക്രിസ്തീയ കുടുംബ ജീവിതത്തിന്റെ അതിമനോഹരമായ ചിത്രം ഈ സങ്കീർത്തനത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. സാധാരണ, വിവാഹ ശുശ്രൂഷയിൽ നവദമ്പതികൾക്കായി ഈ സങ്കീർത്തനം വായിച്ചു കേൾപ്പിക്കാറുണ്ട്. ഈ സങ്കീർത്തനത്തിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ പരിശോധിക്കാം.

**1. യഹോവയെ ഭയപ്പെടുക**

'ദൈവഭയം സർവ്വജയം' എന്ന ചൊല്ല് നമുക്കേവർക്കും സുപരിചിതമാണ്. ആരാണ് യഹോവ? യഹോവ എന്ന പദത്തിന് അർത്ഥം 'നിത്യനായ ഒരുവൻ'. നാം ഈ ലോകത്തിൽ നശ്വരർ ആണ്. നമ്മുടെ ആയുസ്സിനെ – നീരിൻ കുമിള പോലെ എന്നും ഇന്ന് കണ്ട് നാളെ വാടും പൂക്കളെപ്പോലെ എന്നും താരതമ്യപ്പെടുത്താറുണ്ട്. എന്നാൽ നമ്മെ സൃഷ്ടിച്ച യഹോവ അനശ്വരനായ ആദിയും അന്തവുമാണ്. ആൽഫയും ഒമേഗയുമാണ്. അനശ്വരനായ ഈ ദൈവത്തെയാണ് നാം ഭയപ്പെടേണ്ടത്. എബ്രായർ 13:8-ൽ യേശുക്രിസ്തു ഇന്നും ഇന്നലെയും എന്നേക്കും അനന്യൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സാധാരണയായി നാം നമ്മുടെ മേലധികാരികളെ, പോലീസിനെ, കോടതിയെ ഭയപ്പെടുന്നു. കാരണം, അവർ നമ്മെപ്പോലെ മനുഷ്യരാണെങ്കിലും ചില അധികാരങ്ങളും പദവികളും അവർക്കുള്ളതുകൊണ്ടാണ് നാം അവരെ ഭയപ്പെടുന്നത്. എന്നാൽ, ഇന്ന് മനുഷ്യനെ ശങ്കയുമില്ല ദൈവത്തെ പേടിയുമില്ല എന്ന കാലത്താണ് നാം ജീവിക്കുന്നത്. ഭയപ്പെടണമെങ്കിൽ ദൈവം അധികാരമുള്ളവനാണോ എന്ന് നാം ചിന്തിക്കണം.

യേശു ദേവാലയത്തിൽ ഉപദേശിച്ചപ്പോൾ മഹാപുരോഹിതന്മാരും മൂപ്പന്മാരും ചോദിച്ചു: നീ എന്തധികാരം കൊണ്ട് ഇത് ചെയ്യുന്നു? വിശുദ്ധ മത്തായി 28:18-ൽ തന്റെ അധികാരത്തെക്കുറിച്ച് യേശു പറയുന്നത് ഇപ്രകാരമാണ്: 'സ്വർഗ്ഗത്തിലും ഭൂമിയിലും സകലഅധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു'. വി. ലൂക്കോ. 12:4, 5 വചനങ്ങളിലൂടെ യേശു ശിഷ്യന്മാരോട് പറയുന്നത് ശ്രദ്ധേയമാണ്: 'ദേഹത്തെ കൊന്നിട്ട് പിന്നെ അധികമായി

ഒന്നും ചെയ്യാൻ കഴിയാത്തവരെ ഭയപ്പെടേണ്ട. ആരെ ഭയപ്പെടേണം എന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. കൊന്നിട്ട് നരകത്തിൽ തള്ളിക്കളയാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ, അതെ അവനെ ഭയപ്പെടുവിൻ'. ഇത്രയും അധികാരമുള്ളവനാണ് നമ്മുടെ ദൈവം. കൊന്നിട്ട് നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ള ദൈവം! ഇതിന് ഉദാഹരണം പഴയ നിയമത്തിൽ ഉൽപ്പത്തി 18:24-33 വരെയുള്ള വചനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

നാം ആരാധിക്കുന്ന ജീവനുള്ള ദൈവം വലിയ അധികാരമുള്ളവനാണ്. സ്നേഹം ഇഷ്ടംപോലെ പകരുന്നവനാണ്. എന്നാലും ദൈവം നമുക്ക് തന്നിരിക്കുന്ന കൽപ്പനകൾ നാം പ്രമാണിച്ചില്ല എങ്കിൽ ദൈവം നമ്മോട് കോപിക്കും. നാം ഓർക്കുക, ഇത്രയും അധികാരമുള്ള ദൈവമാണ് നമ്മോട് നമ്മുടെ പ്രശ്നങ്ങളിൽ, രോഗങ്ങളിൽ, കഷ്ടതകളിൽ ഭയപ്പെടേണ്ട എന്ന് പറഞ്ഞ് നമ്മെ ധൈര്യപ്പെടുത്തുന്നത്. യഹോവയെ ഭയപ്പെടുന്നവരോടാണ് '**ഭയപ്പെടേണ്ട**' എന്ന് പറയുന്നത്.

## 2. അവന്റെ (യഹോവയുടെ) വഴികളിൽ നടക്കുക

ഏതാണ് ആ വഴി? നമ്മുടെ ജീവിതരീതിയെയാണ് വഴി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വിശുദ്ധ വേദപുസ്തകത്തിൽ 2 വഴികളെക്കുറിച്ച് പറയുന്നു. ഒന്നാം സങ്കീർത്തനം ആറാം വചനത്തിൽ യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു. ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വി. മത്തായി 7:13, 14 വചനങ്ങളിൽ നാശത്തിലേക്ക് പോകുന്ന വഴി വിശാലവും അതിൽക്കൂടി കടക്കുന്നവർ അനേകരും! എന്നാൽ ജീവങ്കലേക്ക് പോകുന്ന വഴി ഞെരുക്കമുള്ളതും അത് കണ്ടെത്തുന്നവർ ചുരുക്കവുമത്രേ!! ഇന്ന് വിശാല വഴിയിൽ പോകുവാനാണ് വാഹനങ്ങളോടിച്ച് പോകുന്നവർക്ക് താൽപ്പര്യം. ഞെരുക്കമുള്ള വഴിയിൽ പോയാൽ കുറേ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരും. എന്നാൽ യേശു കാണിച്ചുതന്ന ഭാഗ്യമുള്ള വഴി ഞെരുക്കമുള്ള വഴിയാണ്. ഈ വഴിയെക്കുറിച്ച് യെശ. 35:8-ൽ പ്രവാചകൻ പറയുന്നത് വിശുദ്ധ വഴി എന്നാണ്. ഒരശുദ്ധനും അതിൽക്കൂടി കടന്നുപോവുകയില്ല. വഴിപോക്കർ, ഭോഷന്മാർ പോലും - ഒന്നും അറിഞ്ഞുകൂടാത്തവർ പോലും വഴിതെറ്റിപോകയില്ല എന്നാൽ പഠിപ്പില്ലാത്തവരും മീൻപിടുത്തക്കാരുമായ യേശുവിന്റെ ശിഷ്യന്മാർ യേശു കാണിച്ച വഴിയിലൂടെ വഴി തെറ്റാതെ നടന്നവരാണ്. അവരിൽ ഒരാളായ തോമസ് അപ്പോസ്തലനാണ് കേരളത്തിൽവന്ന് ഈ വഴി നമുക്ക് വെളിപ്പെടുത്തിത്തന്നത്.

സങ്കീർത്തനക്കാരൻ നമ്മെ പ്രബോധിപ്പിക്കുന്നു: 'നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്കുക' (സങ്കീ. 37:5) ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചുതരും (സങ്കീ. 32:8). ദൈവം കാണിച്ചുതരുന്ന വിശുദ്ധ വഴിയിലൂടെ, ഞെരുക്കമുള്ള വഴിയിലൂടെ, വ്യക്തിപരമായി, കുടുംബമായി നമുക്ക് മുന്നേറാമോ? വിശാല വഴിയിലൂടെയുള്ള യാത്ര മതിയാക്കാമോ?

*(തുടരും............)*

# The Magnificence of Jesus

**Dr. Florence Isaac**

Jesus is the central subject of the Bible. The most powerful, sacred, excellent, glorious and sweetest name in Heaven and Earth and the world to come is in the name of Jesus. Unfolding the wonders of Jesus is an almost impossible job. Eternity itself cannot suffice completely to unfold Him.

Jesus is magnificent as to His eternal source. Jesus had been present with God in the eternal ages before the world began. The birth of Jesus in Bethlehem, marked the incarnation of the eternal son of God, who had been present with the Father and 'became flesh and dwelt among us'. Jesus was the son of God long before he became the son of Mary.

Jesus is magnificent as to his miraculous birth. The birth of Jesus was supernatural. The Bible declares that our Lord's Mother was a Virgin, that His conception was miraculous and that the agent of conception was the Holy Spirit.

Jesus is magnificent as to his perfect life. Jesus was perfect God at the same time he was perfect man. As man, He hungered. As God, He is the bread of the life. As man he prayed. As God He hears and answers our prayers. As man He wept. As God He wipes away our tears. As man He was tempted, as God He did not sin. The thief on the cross was compelled to admit 'This man hath done nothing amiss' (Luke: 23:41). Judas who betrayed Jesus said, 'I have betrayed innocent blood' and Pilate the one who sat in the judgement seat said, I find no fault in Him. Jesus was the only perfect man who ever lived.

Jesus is magnificent as to his sacrificial suffering. Jesus spoke of His death 'For this cause I came into this world'. The death of Jesus Christ is of super value. On that great day the price of our redemption was paid, God almighty taking upon himself the sin of the fallen race. The Lord hath laid on him the inequity of us all. Isa. 53:6 Jesus is magnificent as to his promised return. One of these days, these wonderful, incomparable Jesus will come in all His glory and all His holy angels with Him. He will be the judge from heaven who will 'bring every work into judgement, whether it be good or whether it be evil'. Those who have been faithful servants will be taken to the father's home spend eternity with Jesus. Jesus is the door to heaven. How awesome!




# വ്യത്യസ്തമായൊരു കത്ത്



എമി എന്ന ബാലിക മൂന്നാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. 'സെറിബ്രൽ പാൽസി' എന്ന രോഗം ബാധിച്ച അവൾക്ക് സംസാരത്തിന് വൈകല്യവും, നടക്കുന്നത് വേച്ച്വേച്ചുമാണ്. ഒരിക്കൽ ആറാം ക്ലാസ്സിലെ ഒരാൺകുട്ടി എമി നടക്കുന്നതും സംസാരിക്കുന്നതും അനുകരിച്ച് അവളെ ആക്ഷേപിച്ചു. അവൾക്ക് വളരെ ദു:ഖവും നിരാശയും തോന്നിയെങ്കിലും പുറത്ത് പ്രകടിപ്പിച്ചില്ല. അവൾക്ക് താൻ ഒറ്റപ്പെട്ടവളാണെന്ന ചിന്തയുണ്ടായി. ഭയത്തിലും നിരാശയിലും അവൾ എല്ലാ ദിവസവും സ്കൂളിൽ പോയി.

ഒരു ദിവസം എമിയുടെ മാതാവ് ഭക്ഷണസമയത്ത് ഒരു സന്തോഷവാർത്ത അറിയിച്ചു. റേഡിയോ നിലയം ഒരു മത്സരം സംഘടിപ്പിച്ചിരിക്കുന്നു – 'ക്രിസ്തുമസ് ഫാദറിനോട് ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് കത്തയയ്ക്കുക'. ഏറ്റവും നല്ല കത്തിന് പ്രത്യേക സമ്മാനം വാഗ്ദാനം ചെയ്തിരിക്കുന്നു. എമി കത്തെഴുതുവാൻ തീരുമാനിച്ചു. അവളുടെ അമ്മയും ചേച്ചിയും വിചാരിച്ചത് മൂന്നടി പൊക്കമുള്ള 'ടെഡി ബെയർ' പാവയായിരിക്കും അവൾ ആവശ്യപ്പെടുന്നത് എന്നാണ്. പിതാവ് വിചാരിച്ചു, 'ചിത്രപ്പുസ്തക' ത്തിന് എഴുതുമെന്ന്. പക്ഷെ, എമി അവളുടെ കത്തിലെ ഉള്ളടക്കം രഹസ്യമായി സൂക്ഷിച്ചു.

ഇൻഡ്യാനായിലുള്ള റേഡിയോ നിലയത്തിൽ ആയിരക്കണക്കിനാളുകളുടെ കത്തുകൾ വന്നു. അക്കൂട്ടത്തിൽ എമിയുടെ കത്തും ഉണ്ടായിരുന്നു. റേഡിയോ നിലയത്തിലെ പ്രോഗ്രാം ഡയറക്ടർ ആ കത്ത് ശ്രദ്ധയോടും അതീവ താൽപ്പര്യത്തോടും കൂടി വായിച്ചു: *''പ്രിയപ്പെട്ട ക്രിസ്തുമസ് ഫാദർ, എന്റെ പേര് എമി എന്നാണ്. എനിക്ക് 9 വയസ്സുണ്ട്. എനിക്ക് സ്കൂളിലൊരു പ്രശ്നമുണ്ട്. അങ്ങേയ്ക്ക് എന്നെ സഹായിക്കുവാൻ കഴിയുമോ. ഞാൻ സംസാരിക്കുന്നതും നടക്കുന്നതും നോക്കി കൂട്ടുകാർ എന്നെ കളിയാക്കുന്നു, എനിക്ക് 'സെറിബ്രൽ പാൽസി' എന്ന രോഗമുണ്ട്. എനിക്ക് ഒരു ദിവസമെങ്കിലും മറ്റുള്ളവർ ആക്ഷേപിക്കാതെയും പരിഹസിക്കാതെയും ഇരിക്കാൻ ഇടയാകുമോ? സ്നേഹപൂർവ്വം, എമി.''*

കത്ത് വായിച്ചപ്പോൾ ഡയറക്ടറുടെ ഹൃദയം നൊമ്പരപ്പെട്ടു. ആ കത്ത് നഗരവാസികൾ മാത്രമല്ല ആ സംസ്ഥാനത്തുള്ള എല്ലാവരും അറിയണമെന്ന്

കരുതി പത്രങ്ങൾക്ക് നൽകി. എമിയുടെ ചിത്രവും അവളുടെ കത്തും മിക്ക പത്രങ്ങളും ആദ്യ പേജിൽത്തന്നെ കൊടുത്തു. റേഡിയോയിലും ടെലിവിഷനിലും അതിന് സ്ഥാനം ലഭിച്ചു. കാരണം, ക്രിസ്തുമസ് സമ്മാനമായി അവളാഗ്രഹിച്ചത് ഇതാണ്, **ആക്ഷേപിക്കപ്പെടാതെ ഒരു ദിവസമെങ്കിലും ജീവിക്കണം!**

തുടർന്നുള്ള ദിവസങ്ങളിൽ എമിയുടെ വീട്ടിലേക്ക് പോസ്റ്റ്മാൻ കത്തുകളുടെ കൂമ്പാരവുമായി കടന്നുവന്നു. ഏതാണ്ട് രണ്ടായിരത്തോളം കത്തുകൾ! മുതിർന്നവരുടെയും കുട്ടികളുടെയും സന്ദേശം. എഴുതിയവരിൽപ്പലരും ശാരീരികവൈകല്യമുള്ളവരായിരുന്നു. പരിഹാസവും ആക്ഷേപവുമേറ്റ അവർ തങ്ങളുടെ അനുഭവവും മാനസികാവസ്ഥയും അറിയിച്ചുകൊണ്ട് എമിയെ പ്രോത്സാഹിപ്പിച്ചു. അപരിചിതരായ അനേകരിൽ നിന്ന് ലഭിച്ച കത്ത് മൂലം അവൾ ഒറ്റപ്പെട്ടവളല്ലെന്നും തന്നെ സ്നേഹിക്കുന്നവരും തന്നെപ്പറ്റി കരുതുന്നവരുമായ അനേകർ ലോകത്തിന്റെ നാനാഭാഗത്ത് ഉണ്ടെന്നും എമിക്ക് ബോധ്യമായി. ധൈര്യപൂർവ്വം അവളുടെ മാനസികാവസ്ഥ അവൾ കത്തിൽ വെളിപ്പെടുത്തിയതിൽ പലരും അഭിനന്ദിച്ചു.

എമിയുടെ ആഗ്രഹം സഫലമായി. അവൾ പിന്നീടൊരിക്കലും പരിഹസിക്കപ്പെടുകയുണ്ടായില്ല. മറിച്ച്, ആദരിക്കപ്പെടുകയായിരുന്നു. അധ്യാപകരും വിദ്യാർത്ഥികളും മറ്റുള്ളവരുടെ വികാരത്തെ ഗൗരവമായി കണക്കിലെടുക്കുന്ന മനോഭാവം വളർത്തിയെടുക്കാൻ നിശ്ചയിച്ചു. ഡിസംബർ 21 'എമി ദിനമായി' ആചരിക്കുവാൻ നഗരവാസികൾ തീരുമാനിച്ചു. നഗരാധിപൻ പ്രഖ്യാപിച്ചു: 'ഓരോ വ്യക്തിയും ആദരവോടും ബഹുമാനത്തോടും കരുതലോടും കൂടി കരുതപ്പെടേണം എന്ന തത്വം എമി നമ്മെ ഓർമ്മപ്പെടുത്തുന്നു.'

ഭയത്തിലും നിരാശയിലും കഴിയുന്നവർക്കുള്ള സദ്വാർത്തയാണ് ക്രിസ്തുമസ് വിളംബരം ചെയ്യുന്നത്. **നമ്മെ ഭയപ്പെടുത്തുന്ന സകലത്തിലും നിന്ന് മോചനം നൽകുവാൻ കഴിവുള്ള ഒരു രക്ഷകൻ പിറന്നിരിക്കുന്നു. കഴിഞ്ഞവയോർത്ത് നിരാശപ്പെടേണ്ട; വരാനിരിക്കുവയെയോർത്ത് ഭയപ്പെടുകയും വേണ്ട. ദൈവം നമ്മോട് കൂടെയുണ്ട്; അവിടുന്ന് നമ്മെ സ്നേഹിക്കുന്നു.** ദൈവം കൂടെയുള്ളപ്പോൾ നമ്മെ ഭയപ്പെടുത്തുവാൻ ഒന്നിനും കഴിയില്ല. അതിനാൽ ദൈവസന്നിധിയിൽ നമുക്ക് വിനയപ്പെടാം. ഏവർക്കും ക്രിസ്തുമസ് ആശംസകൾ നേരുന്നു.

ആർ. സാജൻ സാംസൺ
എഡിറ്റർ

E-mail: sajansamson@hotmail.com

*Greetings in the matchless name*
*of our*
*Lord and Saviour Jesus Christ!*

# Noel Fiesta 2013

(The Harvest Festival)

of
our church will be held
at
T J M Hall
on
Saturday 14th December 2013 from 8.30 am onwards
The entire sale proceeds will be utilized for the
purchase of land
for

## Kothalam Church Project

Enchackal, Trivandrum.

Rev. Dr. D.P. Godwin, Hon. Chief Chaplain
Dr. S.M. C.S.I., Medical College, Karakonam
has kindly consented to inaugurate the sale
and initiate the First Bid

---

| Convenor | Joint Convenors | Secretary | Presbyters |
|---|---|---|---|
| D. Premdas Justus | Binu Johnson | Dr. C. E. Sarasam | Rev. C. R. Vincent |
| | Jaichand Johnson | Accountant | Rev. Dr. L. E. Sahanam |
| | | Adv. Sarjine Thomas | Rev. E. Sunin Spenzer |

Capture the Joy, Fun
&
Thrill of Fellowship

*NB: The sale will continue on 15th Sunday immediately after 8 am Malayalam Service*



YFF Anniversary



Childrens Choir paying homage to Mosa Walsalam Shastriyar



Members of Young Family Fellowship